"REGISTRED"
Published on
1st April 2018
RNI.Reg.No.
KERM.L 2013/49036
Postel Reg.No.
KL/CHC/069/2016-18

2018 April
Vol. 6 / Issue 04/
Pages 6
Published From Kottayam

SVN Media
offering voice to the voiceless

snehavachanam newspaper

# സ്നേഹവചനം

offering voice to the voiceless

01-04-2018/ RNI KERMAL 2013/49036/Annual Subscription Rs. 200, Per Copy Rs. 10



അധികാരികളെ അറിയാൻ പേജ് 2

## സമൃദ്ധി മാത്രം ലക്ഷ്യം വച്ചുള്ള സുവിശേഷീകരണ പ്രക്രിയകൾ തെറ്റ്: ഷാജിവാഴൂർ



കോട്ടയം: സമൃദ്ധിമാത്രം ലക്ഷ്യംവച്ചുള്ള സുവിശേഷീകരണ പ്രക്രിയകൾ തെറ്റും അപലപനീയവുമാണ്. എന്നാൽ സുവിശേഷത്തിന്റെ അനന്തരഫലം കൊടിയ ദാരിദ്ര്യവുമല്ലെന്ന് സ്നേഹവചനം എഡിറ്റർ ഷാജിവാഴൂർ. സ്നേഹവചനം പത്രത്തിന്റെ ബിസ്നസ് മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവരിൽ സമ്പന്നരായവരും കൊടിയ ദാരിദ്ര്യം അനുഭവിക്കുന്നവരും നമുക്ക് ചുറ്റുമുണ്ട്. ദരിദ്രരെ കൈപിടിച്ചുയർത്തുന്നതിനുള്ള അപ്പൊസ്തലന്മാരുടെയും യേശുവിന്റെയും ഉപദേശങ്ങൾ പ്രസംഗങ്ങളിൽ മാത്രമേ പ്രതിധ്വനിക്കുന്നുള്ളൂ പ്രവർത്തിപഥത്തിൽ എത്തുന്നില്ല. സുവിശേഷത്തെ സമൃദ്ധിദാരിദ്ര്യം എന്ന് രണ്ടായി തരംതിരിച്ച ആധുനിക ക്രൈസ്തവ സമൂഹം ഇച്ഛാശക്തി നഷ്ടപ്പെട്ട് ഉഴലുകയാണ്. സാമ്പത്തിക വിവാദങ്ങൾ അധികാര മോഹങ്ങൾ ഭൂമിതട്ടിപ്പുകൾ തുടങ്ങി സകലവിധ ദോഷങ്ങളും ക്രൈസ്തവരിൽ ഭൂരിപക്ഷവും മുഖമുദ്രയാക്കിയിരിക്കുന്നു.

സമൃദ്ധിക്കുവേണ്ടി മാത്രം സുവിശേഷത്തിന്റെ വക്താക്കളാകുന്നവരും ദാരിദ്ര്യം അനുഭവിക്കുന്നവനെ ചൂഷണം ചെയ്തു സമ്പന്നനാകുന്നവരും ഒരുപോലെ കുറ്റക്കാരാണെന്നും അദ്ദേഹം ഓർപ്പിച്ചു.

> 'സമൃദ്ധി മാത്രം ലക്ഷ്യം വച്ചുള്ള സുവിശേഷീകരണ പ്രക്രിയകൾ തെറ്റും അപലപനീയവുമാണ്. എന്നാൽ സുവിശേഷത്തിന്റെ അനന്തരഫലം കൊടിയ ദാരിദ്ര്യമല്ല'

സമകാലീന സംഭവങ്ങളെ പക്ഷപാതരഹിതമായി സമൂഹത്തിനു വിവരിച്ചു നൽകാൻ മാധ്യമങ്ങൾക്കു കഴിയണം. സ്വന്തതാല്പര്യങ്ങൾക്കുവേണ്ടി പുകമറ സൃഷ്ടിക്കുന്ന മാധ്യമ സംസ്കാരം ക്രൈസ്തവ സമൂഹത്തിനുയോജിച്ചതല്ല.

ഈ ലോകത്തിലെ സുഖസൗകര്യങ്ങളോ സമ്പത്തോ അല്ല നമ്മുടെ ലക്ഷ്യം. എന്നാൽ സാമ്പത്തിക ആവശ്യങ്ങളെ തള്ളി ആർക്കും ജീവിക്കാനാകുകയില്ല. അതുകൊണ്ട് തന്നെ പ്രസ്ഥാനങ്ങളും വ്യക്തികളും പണത്തിന്റെ സ്വന്ത ഉപയോഗം പോലെ തന്നെ മററുള്ളവരുടെ ആവശ്യങ്ങളെയും മാനിക്കുവാൻ ഒരുക്കമുള്ളവരായിരിക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സുവി. സണ്ണി ജേക്കബ് അധ്യക്ഷത വഹിച്ചു. പ്രാർത്ഥനാ സഹകാരികളും വായനക്കാരും യോഗത്തിൽ സംബന്ധിച്ചു.

> 'സമകാലീന സംഭവങ്ങളെ പക്ഷപാത രഹിതമായി സമൂഹത്തിനു വിവരിച്ചു നൽകാൻ മാധ്യമങ്ങൾക്കു കഴിയണം'



## പ്രസ്താവന വഞ്ചനാപരം

പേജ് 2

### അന്യായമായി സമ്പാദിച്ചത് മടക്കി നൽകിയാണോ തെറ്റ് ഏറ്റ് പറഞ്ഞത്?

### ഇവിടുത്തെ പെന്തെക്കോസ്ത് കൂടുതൽ വാർത്താ പ്രാധാന്യം നൽകിയത് എന്തു കൊണ്ട് ?

### ദരിദ്രരും സമ്പന്നരും പെന്തെക്കോസ്ത് സമൂഹത്തിൽ എങ്ങിനെ സൃഷ്ടിക്കപ്പെട്ടു?

# എനിക്ക് തെറ്റുപറ്റി

സ്വന്തം ലേഖകൻ

"ഞാൻ 35 വർഷങ്ങളായി ജനത്തെ വിഢികളാക്കുകയായിരുന്നു വെന്ന് ഇപ്പോൾ ചിന്തിക്കുന്നു. എന്റെ ഇതുവരെയുള്ള ശുശ്രൂഷകളെപ്പറ്റി അനുതപിക്കുന്നു". അമേരിക്കയിലെ പ്രശസ്ത സുവിശേഷകനും, രോഗശാന്തി ശുശ്രൂഷകനും ടെലിവിഷൻ പ്രസംഗകനുമായ അറുപത്തിയഞ്ചുകാരനായ ബെന്നിഹിൻ ഫെബ്രുവരി 21ന് ബുധനാഴ്ച പോസ്റ്റു ചെയ്ത ഫേസ്ബുക്ക് കുറിപ്പിൽ പറയുന്നു. സമ്പൽ സമൃദ്ധിയുടെ സുവിശേഷത്തിൽ തനിക്ക് തെറ്റു പറ്റിയതായി ഫേസ്ബുക്ക് പേജിൽ പോസ്റ്റു ചെയ്തു. യേശുക്രിസ്തു കാറിൽ സഞ്ചരിച്ചിരുന്നുവോ?അവൻ കൊട്ടാരത്തിൽ താമസിച്ചിരുന്നുവോ? ഏലിയാ പ്രവാചകന് കാറുണ്ടായിരുന്നോ? അപ്പോസ്തലന്മാർക്ക് ഭൗതികമായി എന്തുണ്ടായിരുന്നു? ബെന്നിഹിൻ സ്വയം ചോദിക്കുന്നു. ഇല്ല എന്ന് മറുപടിയും പറയുന്നു. തന്റെ മിനിസ്ട്രിയുടെ കാഴ്ചപ്പാടുകളും ശൈലിയും അനേകം പാസ്റ്റർമാർ അനുകരിക്കുന്നു. അതു പലപ്പോഴും പരിധികൾ ലംഘിക്കുന്നതിൽ തനിക്ക് വിഷമമുണ്ട്. ലോക പ്രശസ്ത സുവിശേഷകൻ ഡോ. ബില്ലിഗ്രഹാമിന്റെ വേർപാടിനെ തുടർന്നു സ്വയം ചിന്തിച്ചു തന്റെ സമ്പൽ സമൃദ്ധിയുടെ സുവിശേഷ പ്രചാരണത്തിൽ അനുതപിക്കുകയായിരുന്നു ബെന്നിഹിൻ. ബില്ലി ഗ്രഹാമിന്റെ ജീവിത രീതിയും കഷ്ടപ്പാടുകളും, ലളിത ശൈലിയും തന്നെ സ്വാധീനിച്ചു. താൻ ഇതുവരെ പ്രസംഗിച്ചതും പഠിപ്പിച്ചതും തെറ്റാണെന്നു സമ്മതിക്കുന്നു. ഇത് വചന വിരുദ്ധമാണ്. തന്നെ പലരും വിമർശിച്ചിരിക്കുന്നു. യു.എസ്. സെനറ്റർമാർ വരെ എന്നെ വിമർശിച്ചു. ഇപ്പോൾ എല്ലാം ശരിയാണെന്നു മനസിലാക്കുന്നു. ജനങ്ങൾ എന്നെ കുറ്റപ്പെടുത്തി അതിസമ്പന്നൻ എന്നു വിശേഷിപ്പിച്ചു. ഞാൻ സ്വകാര്യ ജെറ്റിൽ പറക്കുന്നു, ആഡംബര സൗധത്തിൽ താമസിക്കുന്നു, ചർച്ചിനു സ്വന്തമായി വിമാനങ്ങൾ ഉണ്ട്, വർഷം തോറും നൂറു മില്യൻ ഡോളർ വാരിക്കൂട്ടുന്നു എന്നിങ്ങനെ ആരോപിക്കുന്നു.

ബെന്നിഹിന്നിന്റെ മിനിസ്ട്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് യു.എസ്. സർക്കാർ നിരീക്ഷണം നടത്തിവരികയാണ്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ യു.എസിലെ ഐ. ആർ.എസ്സിലെ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരും പോസ്റ്റർ സർവ്വീസ് വകുപ്പും ഹിന്നിന്റെ ടെക്സാസിലെ ഗ്രേപ് വൈനിലെ മിനിസ്ട്രി ആസ്ഥാനത്ത് റെയിഡ് നടത്തിയിരുന്നു.

പ്രോസ്പിരിറ്റി സുവിശേഷമായാലും ദാരിദ്ര്യത്തിന്റെ പേരിലുള്ളതായാലും ഇതുപോലെ ഏറ്റുപറച്ചിൽ നടത്താൻ അനേകർ നമ്മുടെ രാജ്യത്തുണ്ട്. വേഗത്തിൽ ചിലതു പ്രതീക്ഷിക്കാം.

## ദേശീയ പ്രാർത്ഥനാ ദിനം ഏപ്രിൽ 10ന്

തിരുവല്ല:കേരളത്തിലെ എല്ലാ പെന്തെക്കോസ്തു സഭകളെയും ഒന്നിച്ച് അണിനിരത്തി ഏപ്രിൽ 10ന് രാവിലെ മുതൽ വൈകിട്ട് 8 മണിവരെ 12 മണിക്കൂർ പ്രാർത്ഥന തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ തയാറാക്കുന്ന വിശാലമായ പന്തലിൽ നടക്കുന്നു. ഭാരതം നേരിടുന്ന സാമൂഹിക രാഷ്ട്രീയ വെല്ലു വിളികൾ പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കെതിരെയും ദൈവജനത്തിന്റെ ഐക്യതയ്ക്കുവേണ്ടിയും ഉണർവ്വിനായും സമ്മേളനത്തിൽ പ്രാർത്ഥിക്കും എല്ലാ സഭാനേതാകളും പ്രാർത്ഥനക്ക് നേതൃത്വം നൽകും. ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും പ്രാർത്ഥനയിൽ ആളുകൾ സംബന്ധിക്കും.പ്രാർത്ഥനാ ദിനത്തിന്റെ പ്രചാരണ കൺവൻഷനുകൾ വിവിധയിടങ്ങളിൽ നടന്നു വരുന്നു.

## ബിന്റോയ്ക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി...

**സ്ക്കൂളിൽനിന്നും നിർബന്ധിച്ചു പറഞ്ഞുവിട്ടു പത്താംക്ലാസിലേക്ക് നൽകിയ പുസ്തകങ്ങൾ മാനേജ്മെന്റ് തരിച്ചുവാങ്ങി**

വാഴൂർ:മാർക്ക് കുറഞ്ഞതിന്റെ പേരിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത ഒമ്പതാം ക്ലാസ്സുകാരൻ ബിന്റോയ്ക്ക് നാടിന്റെ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി.പാമ്പാടി ക്രോസ്റോഡ്സ് സി.ബി.എസ്.ഇ സ്ക്കൂളിലെ വിദ്യാർത്ഥി ആയിരുന്നു ബിന്റോ. മാനസിക സമ്മർദ്ദം മൂലമാണ് ബിന്റോ ആത്മഹത്യ ചെയ്തതെന്ന് പിതാവ് ഈപ്പൻ വർഗ്ഗീസ്. സ്കൂളിൽനിന്നും നിർബന്ധിച്ചു പറഞ്ഞുവിട്ടു പത്താംക്ലാസിലേക്ക് നൽകിയ പുസ്തകങ്ങൾമാനേജ്മെന്റ് തിരിച്ചുവാങ്ങിയെന്നും പിതാവ് പറഞ്ഞു. പുളികകൽക്കല പൊടിപ്പാറയ്ക്കൽ ഈപ്പൻ വർഗീസിന്റെയും വാഴൂർ സെന്റ് പീറ്റേഴ് സ്കൂൾ അധ്യാപിക ബിന്ദുവിന്റെയും മകനാണ് ബിന്റോ.



*വിടപറയാനാവാതെ:*അച്ഛൻ ഈപ്പൻ വർഗ്ഗീസും അമ്മ ബിന്ദുവും മൃതദേഹത്തിനരുകിൽ

Krupa
engineering workes
vazhoor







ഗ്രിൽ,ഗെയിറ്റ്,റൂഫിംഗ് വർക്ക് (ഷീറ്റ് വർക്ക്), ഗ്യാസ് കട്ടിംഗ്,
തുടങ്ങി വെൽഡിംഗ് സംബന്ധമായ
എല്ലാ വർക്കുകളും മിതമായ
നിരക്കിൽ ഉത്തരവാദിത്വതോടെ
(കേരളത്തിൽ എവിടെയും) ചെയ്തു കൊടുക്കുന്നു

Phone: 9947661822, 9061847447

സ്നേഹവചനം

ഏപ്രിൽ 2018

## ചില സംശയങ്ങൾ

Sneha vachanam news

“ഞാൻ 35 വർഷങ്ങളായി ജനത്തെ വിഡ്ഢികളാക്കുകയായിരുന്നു” ഇത് ഒരു രാഷ്ട്രീയക്കാരന്റെയോ ഒരു സാധാരണക്കാരന്റെയോ വാക്കല്ല. വിശുദ്ധ ബൈബിളിൽ നിന്നും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എന്നു പറഞ്ഞ് അനേകരെ നയിച്ച ഒരു പാസ്റ്ററിന്റെ വെളിപ്പെടുത്തലാണിത്. ഒരു നിമിഷം കൊണ്ടുണ്ടായ മാനസാന്തരംകൊണ്ട് തന്റെ ഭാഗം അദ്ദേഹം ക്രമീകരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ വിശ്വസിച്ച് പിൻപറ്റിയ അനേകരെക്കുറിച്ച് എന്താണ് തനിക്കു പറയുവാനുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല. അതിനു പകരം അർത്ഥ ശൂന്യമായ ചില ചോദ്യങ്ങൾ മാത്രമാണ് ഉയർത്തുവാനുണ്ടായിരുന്നത്. യേശുക്രിസ്തു കാറിൽ സഞ്ചരിച്ചിട്ടുണ്ടോ? യേശു ക്രിസ്തുവിന്റെ കാലത്ത് കാർ ഇല്ലായിരുന്നു എന്നു ചിന്തിക്കാനുള്ള സാമാന്യ ബുദ്ധി കേൾവിക്കാർക്കില്ല എന്നു ചിന്തിക്കും വിധം പൊതു ജനം കഴുതയാണെന്ന ഇത്തരം സുവിശേഷകരുടെ ധാരണയാണ് ക്രൈസ്തവ ലോകത്തിന്റെ അധപതനത്തിലേക്കു നയിച്ചു കൊണ്ടിരിക്കുന്നത്.

ഇന്ന് പെന്തെക്കോസ്തു സമൂഹം ഏറ്റവുംകൂടുതൽ വാർത്താ പ്രാധാന്യം നൽകിയ വിഷയമായിരുന്നു ഇത്. അതിന്റെ കാരണം സമൃദ്ധിയുടെ സുവിശേഷം എന്നതാണ് ഇതിവൃത്തം. സമൃദ്ധിയെക്കുറിച്ച് പ്രസംഗിക്കുന്നത് തെറ്റാണെന്നും കഷ്ടതയും ദാരിദ്ര്യവും പെന്തെക്കോസ്തു വിശ്വാസത്തിന്റെ അടിത്തറയും അവകാശവുമാണെന്ന് സമൃദ്ധിയുടെ ഗോപുരങ്ങളിൽ ഇരുന്നുകൊണ്ട് തട്ടിവിടുന്ന പെന്തെക്കോസ്തു നേതൃ സംവിധാനമാണ് നിലവിലുള്ളത്. സമൃദ്ധിയുടെ അനുഭവം തെറ്റാണെങ്കിൽ പെന്തെക്കോസ്തിലെ ചിലർക്കു മാത്രം സമൃദ്ധിയുടെ ആഡംബര ജീവിതവും കുറച്ചു പേർക്ക് ദാരിദ്ര്യത്തിന്റെ അവസ്ഥയും എങ്ങിനെ സൃഷ്ടിക്കപ്പെട്ടു.

ബെന്നിഹിന്റെ പ്രസ്താവന നിരവധി ചോദ്യങ്ങളാണ് ഉയർത്തുന്നത്. ഉപദേശ പരമായ കാര്യങ്ങളിൽ തന്നോട് പരിശുദ്ധാത്മാവും വചനവും 35 വർഷങ്ങളായി പറഞ്ഞ കാര്യങ്ങൾ തെറ്റായിരുന്നുവോ? അന്യായമായി സമ്പാദിച്ചതെല്ലാം വിറ്റു പെറുക്കി ദരിദ്രന്മാർക്കു കൊടുത്തിട്ടാണോ ഈ പ്രസ്താവന നടത്തിയിട്ടുള്ളത്? ബില്ലി ഗ്രഹാമിന്റെ ജീവിതം പ്രചോദനം നൽകി എന്നു പറയുമ്പോൾ ബില്ലി ഗ്രാമിനനെക്കുറിച്ച് ഇപ്പോൾ മാത്രമാണോ ഹിൻ അറിഞ്ഞത്? 35ൽ പരം വർഷങ്ങൾ ശുശ്രൂഷയുടെ പേരിൽ ഒരു വലിയ സമൂഹത്തെ വിഢികളായാക്കി എന്നു പറയുമ്പോൾ ഇനിയും ശുശ്രൂഷയിൽ തുടരുവാൻ ഹിൻ അർഹനാണോ?

എന്നാൽ തന്റെ പ്രസ്താവനയ്ക്കു പിന്നിലെ ചില കാണാപ്പുറങ്ങളിലേക്ക് കടക്കുവാനോ ഒരു അപഗ്രഥനത്തിനോ ക്രൈസ്തവ മാധ്യമങ്ങൾക്കു കഴിഞ്ഞില്ല എന്നതാണ് പരിതാപകരമായ വിഷയം. ബില്ലാഗ്രഹാമിന്റെ കാലശേഷമാണ് ഇത്തരം ഒരു പ്രസ്താവന പുറത്തുവന്നത്. ബില്ലിഗ്രഹാമിനു ശേഷം ലോകം അറിയപ്പെടുന്ന ക്രൈസ്തവ നേതാവ് എന്ന അംഗീകരാത്തിനു സമൃദ്ധിയുടെയും സമൃദ്ധി കൈവശംവച്ച് അതിനെതിരായി വിലപിക്കുന്നവരുടെയും നേതാവാകാൻ ഒരു അവസരം. രണ്ട് സമൃദ്ധിയുടെ അളവറ്റ അകമ്പടിയിലുള്ള ബെന്നിഹിന്നിന്റെ മിനിസ്ട്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് യു.എസ്. സർക്കാർ നിരീക്ഷണം നടത്തിവരികയാണ്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ യു. എസിലെ ഐ. ആർ.എസ്സിലെ ക്രിമിനൽ ഇൻ വെസ്റ്റിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരും പോസ്റ്റർ സർവ്വീസ് വകുപ്പും ഹിന്നിന്റെ ടെക്സാസിലെ ഗ്രേപ് വൈനിലെ മിനിസ്ട്രി ആസ്ഥാനത്ത് റെയിഡ് നടത്തിയിരുന്നു. ഈ അന്വേഷണങ്ങൾക്കു മേൽ സർക്കാരിനും വിശ്വാസികൾക്കും മുമ്പിൽ ഒരു പുകമറ സൃഷ്ടിക്കാൻ കഴിയും എന്നതും അല്പം ചിന്തിക്കുവാൻ കഴിവുള്ളവർക്ക് കണ്ടെത്താൻ കഴിയും.

35 വർഷം വിശ്വസിച്ചതും പ്രസംഗിച്ചതും തെറ്റായിരുന്നു എന്ന് വിളിച്ചു പറയുമ്പോൾ കാര്യങ്ങളെ ഉറപ്പിക്കുവാൻ അടിസ്ഥാനപരമായി ഒന്നും ഇല്ലാത്ത വ്യക്തിയല്ല, സകല സത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മാവിനെക്കൂട്ടുപിടിച്ചും വചനത്തിൽ നിന്നും വാക്യങ്ങൾ തിരഞ്ഞെടുത്തുമാണ് കാര്യങ്ങൾ ഉറപ്പിച്ചത്. വലിയ പാണ്ഡിത്യമൊന്നുമില്ലാത്ത സാധാരണക്കാരന്റെ, വചനത്തിലും ദൈവാത്മാവിലുമുള്ള വിശ്വാസത്തെയും ആശ്രയത്തെയുമാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്.

സമൃദ്ധിയുടെ സുവിശേഷവും ദാരിദ്ര്യത്തന്റെ സുവിശേഷവും യുദ്ധം തുടങ്ങിവച്ചിട്ട് നാളുകളേറെയായി. സമൃദ്ധിയുടെ സുവിശേഷമെന്നും ദാരിദ്ര്യത്തിന്റെ സുവിശേഷമെന്നും ഇന്ന് സുവിശേഷത്തെ

Sneha vachanam news

> **സമൃദ്ധിയെ തള്ളിപ്പറഞ്ഞ ഹിന്നിന് ഒരു പക്ഷേ താമസിയാതെ കേരളത്തിലെ പാരമ്പര്യ പെന്തെക്കോസ്തു സ്റ്റേജുകളിലും ഇനി പ്രതീക്ഷിക്കാം. കാരണം ബെന്നിഹിന്നിനെപ്പോലെ പലതിനെയും ആശ്ലേഷിക്കുകയും നേടിക്കഴിയുമ്പോൾ തള്ളിപ്പറഞ്ഞ് നേടിയത് കൈമോശം വരാതെ പറഞ്ഞു നിൽക്കാൻ കഴിവുള്ള സമൃദ്ധിയെ വെറുക്കുന്ന നേതൃത്വം ഇവിടെയുമുണ്ട്...**

രണ്ടായി തരംതിരിച്ചു. ഈ ലോകത്തിലുള്ള സമൃദ്ധിക്കുവേണ്ടി മാത്രമുള്ളതാണ് സുവിശേഷം എന്നോ സുവിശേഷം അത് അനുഗ്രഹം മാത്രമാണെന്നോ അവകാശപ്പെടുന്നില്ല. എന്നാൽ ചോദ്യമിതാണ്. ദാരിദ്ര്യവും കഷ്ടതയും സുവിശേഷകന്റെയും വിശ്വാസികളുടെയും അവകാശവും അതിൽ സന്തോഷിക്കുകയും ചെയ്യണമെങ്കിൽ എന്തുകൊണ്ട് ഇന്നത്തെ പെന്തെക്കോസ്തു സമൂഹത്തിലെ സമ്പന്നന്മാരും അതി സമ്പന്നന്മാരും അതൊക്കെ വിറ്റ് ദരിദ്രർക്ക് കൊടുത്ത് ലളിത ജീവിതം നയിക്കുവാൻ തയ്യാറാകുന്നില്ല?

കോടികൾ മുടക്കിയുള്ള കൺവൻഷനുകളും ആസ്ഥാന മണ്ഡപങ്ങളും എല്ലാം ദാരിദ്ര്യത്തിന്റെ അടയാളങ്ങളാണോ? എല്ലാറ്റിനും രണ്ടും അതിൽ കൂടുതലും അർത്ഥങ്ങൾ ഉണ്ടെന്നുള്ളത് സമ്പന്നനും ദരിദ്രനും മറന്നു പോകരുത്. പ്രബലമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയുടെ നിലനിൽപ്പിന് ദാരിദ്യം അനുഭവിക്കുന്ന ഒരു സമൂഹത്തിന്റെ പശ്ചാത്തലം അനിവാര്യമാണെന്ന ആശയം പെന്തെക്കോസ്തിലും ശക്തമാണ്. അവരുടെ പേരിലാണല്ലോ എല്ലാം നിലനിൽക്കുന്നത്.

ബെന്നിഹിന്റെ വാക്കുകളുടെ വരികൾക്കിടയിലെ അർത്ഥഭേദങ്ങളെ വായിച്ചെടുക്കാൻ നമ്മുടെ മാധ്യമങ്ങൾക്കും കഴിഞ്ഞില്ല എന്നതും യാഥാർത്ഥ്യത്തിലേക്ക് ജനത്തെ നയിക്കുവാൻ കഴിയാതെ പോയതും കൈവശമുള്ള സമ്പന്നതയുടെ ആസ്തി മൂടിവയ്ക്കാനുള്ള തന്ത്രമായും കരുതേണം. പ്രസ്തുതപ്രസ്താവനയിലെ യാഥാർത്ഥ്യത്തെ ചികയുന്നതിനു പകരം മറ്റു പ്രവർത്തനങ്ങളെ അടിക്കുവാനുള്ള വടിയായി മാത്രമാണ് പലരും ഇതിനെ കണ്ടത്.

സമൃദ്ധിയെ തള്ളിപ്പറഞ്ഞ ഹിന്നിന് ഒരു പക്ഷേ താമസിയാതെ കേരളത്തിലെ പാരമ്പര്യ പെന്തെക്കോസ്തു സ്റ്റേജുകളിലും ഇനി പ്രതീക്ഷിക്കാം. കാരണം ബെന്നിഹിന്നിനെപ്പോലെ പലതിനെയും ആശ്ലേഷിക്കുകയും നേടിക്കഴിയുമ്പോൾ തള്ളിപ്പറഞ്ഞ് നേടിയത് കൈമോശം വരാതെ പറഞ്ഞു നിൽക്കാൻ കഴിവുള്ള സമൃദ്ധിയെ വെറുക്കുന്ന നേതൃത്വം ഇവിടെയുമുണ്ട്.

ഈ വിഷത്തിലല്ലെങ്കിലും തെറ്റിപ്പോയി എന്നു മനസിലാക്കിയ ശിംശോൻ കൂടുതൽ അപകടം സമൂഹത്തിനു വരുത്തിവയ്ക്കാൻ തയ്യാറാകാതെ അവസാനം കാണിച്ച മാതൃകയും ചേർത്തു വായിക്കാൻ നാം തയ്യാറാകണം.

# അധികാരികൾ അറിയാൻ

## അവിശ്വാസത്തിന്റെ വാക്കുകളല്ല സർ, അനുഭവത്തിന്റെ സാക്ഷ്യങ്ങളാണിത്...

ഷാജി വാഴൂർ
9656571354



## പൊൻമുട്ടയിടുന്ന താറാവ്

> **അത്താഴപട്ടിണിക്കാരായ സുവിശേഷകന്റെ പേരിൽ കള്ളക്കണക്കുണ്ടാക്കിയും അവർക്ക് അർഹിക്കുന്നതുപോലും സ്വന്ത കാര്യങ്ങൾക്കുവേണ്ടി തടഞ്ഞുവയ്ക്കുന്നതും ന്യായമാണെന്ന് ഏതു തത്വശാസ്ത്രമാണ് പറയുന്നത്? ഇത്രയും പേർക്കുവേണ്ടി ഒപ്പ് എങ്ങിനെ സംഘടിപ്പിക്കും എന്നു ചോദിച്ചപ്പോൾ കൂടെയുള്ള ഒരു പാസ്റ്റർ നല്ല പടംവരകാരനാണ് എന്നായിരുന്നു മറുപടി**

“മുപ്പത്തിമൂന്ന് സഭകൾ മുപ്പത്തിയേഴു പാസ്റ്റർമാർ പതിനെട്ടു സ്ഥലങ്ങളിൽ ചർച്ചു ബിൽഡിംഗുകൾ പണുതു, ഇനി പത്തൊമ്പതു ബിൽഡിംഗുകൾ ആവശ്യമുണ്ട്” ഒരു ചോട്ടാ നേതാവ് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചു കൊണ്ട് സ്പോൺസറിനു നൽകാൻ വച്ചിരിക്കുന്ന കത്തിലെ ചില വരികളാണ് മേൽ ഉദ്ധരിച്ചത്. അറിഞ്ഞ കാര്യങ്ങൾ വച്ച് കൃത്യമായൊരന്വേഷണം നടത്തിയപ്പോഴാണ് സംഭവം വ്യക്തമായത്. വിശാലമായൊരു കാഴ്ചപ്പാടോ ദർശനോ ഒക്കെയാകാം കണക്കിലെ ഈ വൈരുദ്ധ്യത്തിനു കാരണം എന്നാണ് ആദ്യം ധരിച്ചത്. പിന്നീട് എത്ര പ്രവർത്തനങ്ങൾ ഉണ്ടെന്നും എവിടെയൊക്കെയാണ് സഭകൾ പ്രവർത്തിക്കുന്നതെന്നും കൃത്യതയില്ലാത്ത മറുപടിയെ തുടർന്ന് വിശദമായി അന്വേഷിച്ചപ്പോൾ നിങ്ങൾ ആരാണ് എന്നതായിരുന്നു ഗൗരവത്തോടയുള്ള ചോദ്യം. പത്രത്തിൽ നിന്നാണെന്നു പറഞ്ഞപ്പോൾ മുഖത്തു കളിയാടിയിരുന്ന നവരസങ്ങളിൽ ദയനീയം ഒഴിച്ച് ബാക്കിയെല്ലാം അപ്രത്യക്ഷമായി. മൂന്നോ നാലോ പ്രവർത്തകരും എണ്ണം തികയ്ക്കാൻ, നേതാവുതന്നെ പ്രശ്നങ്ങളുണ്ടാക്കി പിളർത്തിയ രണ്ടു മുതൽ മൂന്നു കുടുംബങ്ങൾ മാത്രം അംഗങ്ങളായുള്ള മൂന്നു സഭകളാണ് നിലവിലുള്ളത്. അതിൽ ഒന്നു സെക്രട്ടറിയുടെ വീടും മറ്റൊന്നു വിശ്വാസിയുടെ വീടും മൂന്നാമത്തേത് പ്രസിഡന്റിന്റെ വീടും. പ്രസിഡന്റിന്റെ വീട്ടിൽ ആരാധിച്ചാൽ സ്വർഗ്ഗത്തിലെ പകുതി ഫീലിംഗ് ലഭിക്കും മറ്റു രണ്ടു ആരാധനയിലും പങ്കെടുത്താൽ തറയിലെ നീല പ്ലാസ്റ്റിക്കിലെ മണ്ണും കറകറ ശബ്ദത്തിൽ കറങ്ങുന്ന ഫാനിന്റെ കാറ്റിൽ ആത്മാവിനൊപ്പം പറക്കുന്ന പൊടിയും കാണാം. ഒരു പുതപ്പുകൊണ്ട് മൂടിയിട്ടിരിക്കുന്ന വിലയുള്ള കസേരയെക്കുറിച്ചു ചോദിച്ചപ്പോൾ വല്ലപ്പോഴും വരുന്ന നേതാവിന് ഇരിക്കാനുള്ളതാണത്രേ!

അഴുക്കാടുന്നവൻ ഇനിയും ആടട്ടെ, അതുകൊണ്ട് നേതാവ് അവിടെ നിൽക്കട്ടെ. ഇദ്ദേഹത്തോടൊപ്പം നിൽക്കുന്ന അണികളുടെ കാര്യമാണ് നമ്മുടെ വിഷയം. പ്രസ്ഥാനം തുടങ്ങിയ കാലം മുതൽ കോഴിപാലുകൊടുക്കുന്നതുപോലെ പലതും പറഞ്ഞ് മോഹിപ്പിച്ച് കൂടെ നിർത്തിയിരിക്കുന്നവരാണ് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന പച്ചയായ ഈ ജീവിതങ്ങൾ. ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് നേതാവു വളർന്നു, രണ്ടുനില വീടുണ്ടായി മക്കളെല്ലാം വിദേശത്ത് ജോലികളിലായി. അന്നു മുതൽ കൂടെ നിൽക്കുന്ന അണികളുടെ വീടിന്റെ ശോചനീയാവസ്ഥയ്ക്കു ഒരു മാറ്റം വരുത്തുവാനോ അവരുടെ ആഹാര രീതിയിൽ എന്തെങ്കിലും പുതിയത് കൂട്ടിച്ചേർക്കുവാനോ ഇതുവരെയും അവർക്ക് സാധിച്ചിട്ടില്ല.

ഈ പാവങ്ങളെ ആത്മീകമായി പറഞ്ഞു പറ്റിച്ച് കൂടുതൽ ആഴങ്ങളിലേക്ക് സമർപ്പിക്കപ്പെടാനും ഒന്നുകൂടെ സ്വയം പരിശോധന നടത്തുവാനും അണികളെ കട്ടിയുള്ള ശബ്ദത്തോടെ വീണ്ടും വീണ്ടും പ്രബോധിപ്പിക്കുന്ന ഇവർ ആത്മീയ രംഗത്തെ അഥവാ വിശുദ്ധന്റെ രൂപം അണിഞ്ഞ ചതിയന്മാരാണ്. അത്താഴപട്ടിണിക്കാരായ സുവിശേഷകന്റെ പേരിൽ കള്ളക്കണക്കുണ്ടാക്കിയും അവർക്ക് അർഹിക്കുന്നതു പോലും സ്വന്ത കാര്യങ്ങൾക്കുവേണ്ടി തടഞ്ഞുവയ്ക്കുന്നതും ന്യായമാമെന്ന് ഏതു തത്വശാസ്ത്രമാണ് പറയുന്നത്? ഇത്രയും പേർക്കുവേണ്ടി ഒപ്പ് എങ്ങിനെ സംഘടിപ്പിക്കും എന്നു ചോദിച്ചപ്പോൾ കൂടെയുള്ള ഒരു പാസ്റ്റർ നല്ല പടം വരകാരനാണ് എന്നായിരുന്നു മറുപടി.

സുവിശേഷ രംഗത്ത് സത്യസന്ധതയോടെ സാമ്പത്തികം കൈകാര്യം ചെയ്ത് വിശ്വസ്തതയോടെ പ്രസ്ഥാനങ്ങളെ നയിക്കുന്നവരുമുണ്ട്. എന്നാൽ അതു വിരലിലെണ്ണാവുന്നതിൽ കൂടുതൽ ഒരു സംസ്ഥാനത്ത് ഒരു പക്ഷേ, കാണില്ല എന്നതാണ് സത്യം.

കൂടെ നിൽക്കുന്ന ദൈവദാസന്മാരുടെ വേദനയല്ല പലപ്പോഴും നേതാക്കന്മാരുടെ സന്തോഷം അവർ ചിന്തിക്കുന്നത് സ്പോൺസറെ എങ്ങിനെ സന്തോഷിപ്പിക്കാം എന്നതാണ്.സുവിശഷവേലയിലെ ആത്മാർത്ഥതക്കോ സത്യത്തിനോ നീതിയ്ക്കോ ദൈവവചനത്തിനോ അല്ല ഇവിടെ പ്രക്തി. സ്പോൺസറുടെ സന്തോഷത്തിനും സംതൃപ്തിക്കുവേണ്ടി ഉടയവനെപ്പോലും ഒറ്റിക്കൊടുക്കുന്ന ഇത്തരം ശുശ്രൂഷകർ സെന്റെർ, ആയാലും സോണലാ ആയാലും, റവറണ്ടായാലും പ്രസിഡന്റായാലും ഫൗണ്ടറായാലും ഇവരെക്കാൾ മാന്യൻ ഇസ്കറിയോത്താ യൂദയാണ്. ഒരിക്കൽ മുപ്പതുവെള്ളിക്കാശിനുവേണ്ടി സത്യത്തെ ഒറ്റിക്കൊടുത്തു പിന്നീട് കുറ്റബോധം തോന്നി പോയി ആത്മഹത്യ ചെയ്തു. ഇവിടെ സത്യത്തെയും നീതിയെയും പല ആവർത്തി ഒറ്റിക്കൊടുത്തിട്ടും സ്തേഫാനോസിന്റെ കുപ്പായമിട്ടു നിൽക്കുന്നു.

ഇതു വായിച്ച് ഒരു നേതാവും അങ്ങിനെ ചെയ്യരുത് നിരവധി പ്രസ്ഥാനങ്ങൾ അനാഥമാവും എന്നത് ശക്തിയോടെ, ബലത്തോടെ ഓർത്തിരിക്കണം.

സുവിശേഷത്തിന്റെ പേരിൽ വൻ തട്ടിപ്പുകൾ നടക്കുന്ന കാലമാണിത്. പുറത്തു പോയി മറ്റുള്ളവരെ തട്ടിച്ചാൽ വിവരം അറിയും എന്നതിനാൽ, പാവം ദൈവദാസന്മാരെ പറ്റിക്കുയാകും എളുപ്പം. കാരണം പറ്റിക്കപ്പെട്ടു എന്നറിയുമ്പോൾ ഒരു കണ്ണീരും അല്പം പിറുപിറുപ്പിലും കാര്യങ്ങൾ തീരും. പ്രസ്ഥാനം വിട്ടു പോകുകയും ചെയ്തോളും, ടെൻഷനില്ല. സുവിശേഷ പ്രവർവർത്തന മേഖലയിൽ എന്നും ചൂഷണം അനുഭവിക്കുന്ന ഒരു കൂട്ടരാണ് ദാരിദ്ര്യത്തിന്റെ പടുകുഴിയിലായിരിക്കുന്ന ഒരു കൂട്ടം സുവിശേഷകരും വിശ്വാസികളും. ഇങ്ങിനെയൊരു ദാരിദ്ര്യം ഇല്ല എന്നു വാദിക്കുന്ന ക്രൈസ്തവ നേതാക്കളും വെളിപ്പാട് പ്രാപിച്ചിട്ടും കാണാൻ കഴിയാത്തവരുമുണ്ട് നമ്മുടെ ഇടയിൽ.

മേശയിങ്ങൽ ശുശ്രൂഷിക്കുന്നവർക്ക് മേശയ്ക്കു മുകളിലുള്ള നിറഞ്ഞ അപ്പപാത്രം മാത്രമേ കാണുവാൻ കഴിയൂ. അവർ ഒരിക്കലും മേശയ്ക്കു താഴെ അപ്പനുറുക്കുകൾ പെറുക്കുന്ന ലാസറിനെ കാണില്ല. കണ്ടാലും മനഃപൂർവമായി ഒരു കഷണം ഇട്ടു കൊടുക്കില്ല. കാരണം ഞാൻ ഈ സുവിശേഷം കൊണ്ട് അനുഗ്രഹിക്കപ്പെട്ടു അവൻ എന്തുകൊണ്ട്...? അവന്റെ വിധിയായിരിക്കും എന്ന് ചിന്തിച്ച് ആശ്വസിക്കുന്നവർ, തൊണ്ടനനയ്ക്കാൻ അല്പം വെള്ളം തരുവാൻ ലാസറിനെ അന്വേഷിക്കുന്ന കാലത്തിനും വിധിക്കും നടുവിൽ വിശ്വാസികളുടെ പിതാവുണ്ടാകും എന്നത് മറക്കുത്.

മനസാക്ഷി മരവിച്ചു പോയ നേതൃത്വങ്ങളാണ് ഇന്നത്തെ ക്രൈസ്തവികതയുടെ പരാജയും പ്രത്യേകിച്ച് ഉയർന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചിരുന്ന പെന്തെക്കോസ്തിന്റെ ശാപവും.

വിശ്വസ്തതയുടെ സത്യസന്ധതയുടെയും അടിസ്ഥാനം സ്വയം ഇളക്കി അതിന്മേൽ സ്വാർത്ഥതയും ലജ്ജയില്ലായ്മയും കൂട്ടിച്ചേർത്ത് എന്തെക്കൊയോ പണിതുയർത്തി പിതാക്കന്മാർ വലിയ വിലകൊടുത്ത് വിവിധ സമ്പ്രദായങ്ങൾക്കും ആചാരങ്ങൾക്കുമിടയിൽ സ്ഥാപിച്ചതിനെയാണ് വ്യക്തിതാല്പര്യങ്ങൾ മുൻനിർത്തി അതേകുപ്പായം അണിഞ്ഞ് അല്പാല്പമായി തൂക്കിവിറ്റ് നില്ക്കുന്ന മണ്ണുപോലും കിളച്ചിളക്കിയും ഇരിക്കുന്ന കൊമ്പു മുറിച്ചും സ്വയം കുഴിതോണ്ടിക്കൊണ്ടിരിക്കുന്നതെന്ന് ഓരോരുത്തരും ചിന്തിക്കുന്നത് നല്ലതായിരിക്കും.

ഒരിക്കൽ ഉണ്ടായിരുന്ന പേരും പെരുമയും ഇന്ന് സഭാരാഷ്ട്രീയം കളിച്ചും പ്രസ്ഥാനങ്ങൾ തമ്മിലുള്ള കുടിപ്പക തീർത്തും ലജ്ജയില്ലാതെ പാവപ്പെട്ട ദൈവദാസന്മാർക്കുള്ള വിഹിതത്തിൽ കയ്യിട്ടു വാരിയും അവർക്കുള്ള അവകാശങ്ങളെയും നന്മകളെയും തടഞ്ഞു വച്ചും അവരുടെ പേരിൽ കള്ളക്കണക്കുണ്ടാക്കിയും നേടുന്നത് തലമുറകൾക്കുവേണ്ടിയാണെങ്കിൽ അവർ അത് നേരെ ചൊവ്വെ അനുഭവിച്ചിട്ടില്ലായെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്, ദൈവം അത് വെളിപ്പെടുത്തിയിട്ടുണ്ട്.

ഇതു വായിക്കുമ്പോൾ തന്നെ ചില കാര്യങ്ങൾ വെളിപ്പെട്ടു വരുന്നതുകൊണ്ട് കൂടുതൽ വിവരിക്കുന്നില്ല. സ്വന്ത ഭവനത്തിന്റെ ഉള്ളിലേക്കും മുമ്പിൽ നിൽക്കുന്ന മക്കളെയും നോക്കിയിട്ട് കർത്താവിനോട് പറയാം, കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങ് മടക്കികൊടുക്കുന്നു.

അപ്പോൾ കർത്താവു പറയും ഇവനും അബ്രഹാമിന്റെ മകനാകയാൽ ഈ വീടിനു രക്ഷ വന്നിരിക്കുന്നു.

> **സ്പോൺസറുടെ സന്തോഷത്തിനും സംതൃപ്തിക്കുവേണ്ടി ഉടയവനെപ്പോലും ഒറ്റിക്കൊടുക്കുന്ന ഇത്തരം ശുശ്രൂഷകർ സെന്റെർ, ആയാലും സോണലാ ആയാലും, റവറണ്ടായാലും പ്രസിഡന്റായാലും ഫൗണ്ടറായാലും ഇവരെക്കാൾ മാന്യൻ ഇസ്കറിയോത്താ യൂദയാണ്. ഒരിക്കൽ മുപ്പതുവെള്ളിക്കാശിനുവേണ്ടി സത്യത്തെ ഒറ്റിക്കൊടുത്തു പിന്നീട് കുറ്റബോധം തോന്നി പോയി ആത്മഹത്യ ചെയ്തു.**

യേശു പറഞ്ഞതിന്റെ അർത്ഥം, നേതാവായതുകൊണ്ടോ റവറണ്ട് ആയതുകൊണ്ടോ പ്രസിഡന്റ് ആയതുകൊണ്ടോ വീടിനു രക്ഷ വരില്ല. രക്ഷവരണമെങ്കിൽ ചതിവായി വാങ്ങിയത് മടക്കിക്കൊടുക്കണം, ഏക്കറു കണക്കിനു വസ്തുകൈവശം വച്ചിട്ട് പാവപ്പെട്ട സുവിശേഷകരോട് ഒരു കിടപ്പാടത്തിനു വേണ്ടി പ്രാർത്ഥിക്കാൻ നിർബന്ധിക്കുന്നത് അവസാനിപ്പിച്ചിട്ട് വസ്തുവകയിൽ പാതി കൊടുക്കാൻ തയ്യാറാകണം. ഇനിയെങ്കിലും വിശ്വസ്തതയിൽ സക്കായിപ്പോലെ ഉയരം കുഞ്ഞവനാകാതെ ഒരു മാതൃകയാകാൻ ശ്രമിക്കാം.

ഇതുവായിച്ചിട്ട് ഒരു സമൂഹത്തെ അപമാനിച്ചു വെന്നും ദൈവദാസന്മാരെ വേദനിപ്പിച്ചുവെന്നുമൊക്കെ പറഞ്ഞ് ഫോൺ വിളിച്ച് പ്രതികരിക്കുമ്പോൾ ലേഖകന് സ്വന്ത അനുഭവങ്ങളുടെ ഭാണ്ഡക്കെട്ട് അഴിക്കേണ്ടിവരും.



## കത്തുകൾ

പ്രിയ എഡിറ്റർക്ക്, സ്നേഹ വചനത്തിൽ വിമർശനം കൂടുതലാണെന്ന് വ്യക്തി പരമായി തോന്നുന്നു. മറുപടി നൽ കുമോ?

*മോനച്ചൻ തിരുവനംന്തപുരം*

വായനക്കാരിൽ പലരും നേരിട്ടും അല്ലാതെയും ചോദിക്കന്ന പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. അതിരുകടന്ന ഒരു വിമർശനത്തിലേക്ക് സ്നേഹവചനം നം തിരിഞ്ഞിട്ടില്ല. നമ്മൾ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ അവസ്ഥ അറിവുള്ളതാണ്. ഭരണഘടനയുടെ നാലമത്തെ തൂണ് എന്നും സമൂഹത്തിന്റെ കാവൽ നായ് എന്നുമൊക്കെ വിശേഷിപ്പിക്കപ്പെടുകയും അർത്ഥമുള്ളതുമായ മാധ്യമങ്ങൾ അവരുടെ ദൗത്യത്തിൽ നിന്നും പിന്മാറിപ്പോയതാണ് വിശ്വാസ സമൂഹങ്ങളിലും നമ്മുടെ പൊതുസമൂഹങ്ങളിലും തിന്മ വളരുവാനും നിലനിൽക്കുവാനും കാരണമായിട്ടുള്ളത്.

ക്രൈസ്തവ വായനാസംസ്കാരം പ്രത്യേകിച്ചും പെന്തെക്കോസ്തു വായനാ സംസ്കാരം വളരെ വിഭിന്നമാണ്. അനുഗ്രഹങ്ങളും പുകഴ്ത്തലും അത്ഭുതങ്ങളും മാത്രം വായിച്ച് പതിഞ്ഞ ഒരു രീതിയാണ് പൊതുവായുള്ളത്. പിന്നെ സാധാരണ ജനങ്ങളുടെ അനുഭവങ്ങളിലേക്ക് മാധ്യമങ്ങൾ തിരിയില്ല. അവരുടെ വേദനകളും അവർ അനുഭവിക്കുന്ന ചൂഷണങ്ങളും ആരും വായിക്കുവാനോ അറിയുവാനോ ആഗ്രഹിക്കുന്നില്ല. അങ്ങിനെയുള്ള കാര്യങ്ങളിലേക്ക് ഏതെങ്കിലും മാധ്യമങ്ങൾ തിരിഞ്ഞാൽ യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ മനസില്ലാത്തതുകൊണ്ട് അതിനെ എതിർക്കും. സത്യസന്ധതയ്ക്കും നീതിയ്ക്കുംവേണ്ടി ഒരു മാധ്യമം പൊരുതുന്നില്ലെങ്കിൽ അത് നല്ലവാർത്തകളുടെ മാത്രം പത്രം ആയിരിക്കും.സമൂഹത്തിലെ അനീതിയെ അവഗണിക്കാൻ പാടില്ല. അതു മാത്രമേ സ്നേഹവചനം ചെയ്യുന്നുള്ളൂ.
നിങ്ങളുടെ സഹകരണത്തിനു നന്ദി– എഡിറ്റർ

**നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക 09656571354**



# Easter the Nucleus of Christianity

Pastor Jose N. Andrews
MA (Eng) MTh D.Min
Chandigarh
7025264178

**Resurrection is God's assurance that Jesus is more than the Messiah. He has become the life giving spirit to all mankind. It is not the empty grave that wins us to faith, neither the resurrection account, nor the cross or spear, but only this risen Man can do it.**

The resurrection of Jesus Christ transformed the tragedy of the cross into the glorious victory of the church. In the resurrection of Christ, the divine destiny of mankind – which was destined in eternity past – has been eternally settled. So, when we think of the word "Easter", the Spirit of resurrection touches our souls. The sum total of the story of the Crucifixion and Easter is in a true sense, the Lamb turned in to the Lion (Rev 5:5, 6).

The word Easter is used in Germanic languages to denote the festival of the vernal equinox and subsequently, with the coming of Christianity.It denotes the anniversary of the resurrection of Christ.

The Easter miracle is the heart of the Christian faith. Indeed, it is the resurrection which interprets the cross. Therefore, it had a great impact on disappointed, dismayed and distracted disciples and other followers of Christ.On the other hand, it became a tragedy and shame to theRoman government and the nations and people under its jurisdiction. In fact, the dawn of the first Easter was the dawn of Christianity itself.

Christian faith is the resurrection faith. Christian theism is resurrection theism. The resurrection power of Jesus Christ has been invading mankind by the divine love of Christ from the first Easter down to the twenty-first century and it will continue until His second advent.

The resurrection proves that the scandal of the Crossreally is God's saving solution. Christologically affirms the resurrected Jesusis the son of God, who madethe resurrection an integral part of the whole redemptive process, which commenced in the dispensation of Conscience.

While Jesus Christ was on this planet in human form,He brought back three people from the dead: Jairus' daughter (Mt 9:18-26); the widow's son (Luke 7:11-15); and Lazarus (John 11:38-44). These, however were not true resurrections but resuscitation, (brought back to consciousness). These three only came back to their previous form of life. A great miracle, but not resurrection.

In true resurrection, the natural body is transformed into an incorruptible and celestial body which is not subjected to disease or death. Paul expounded explicitly on this in1 Corinthians chapter 15,that Christ is the first fruit of those who have fallen asleep. All of these reported resuscitations were pointing to the resurrection of Jesus Christ and also of dead in Christ. *"And if the Spirit of Himwho raised Jesus from the dead is living in you, he who raised Christ from the dead will alsogive life to your mortal bodies through His Spirit, who lives in you."* (Rom.8:11).

The first disciples received hope and rejuvenation on the first Easter because they could visually see Him who was the resurrection and life. Many Christians recall Easter only once a year. The rest of the year they look unto the Cross and meditate on the sufferings of Jesus and live a melancholy life. The Easter miracle is still a mystery to many in Christendomlike Thomas (John 20:25). Some are still in Gethsemane and others are at Golgotha, but angels havealready declared that "He IS NOT HERE. HE IS RISEN."

Hundreds of years before Christ; some of the heroes of faith could foresee the Easter



miracle by their spiritual eyes and enjoyed the eschatological experience with the risen Christ. So, they easily denounced earthly pleasures and positions for the sake of the King of Glory. Scripture reminds us that,*"He chose to be mistreated along with the people of God rather than enjoy the pleasures of sin for a short time. He regarded disgrace for the sake of Christ as of greater value than treasures of Egypt because he was looking ahead to his reward"* (Heb.11: 25, 26).

Job deliberately declared that, *"I know that my Redeemer lives and that in the end he will standupon the earth. And after my skin has been destroyed, yet in my flesh I will see God, I myself willsee Him with my own eyes- I, and not another."*(Job 19:25 -27). Here we see that Jesus is not just satisfied with Easter as a spiritual journey, rather he traveled through dispensations and landed on the millennial planet Earth.

Easter was a mystery to many in the period of Old Testament and even prior to that.But to us, it is history now. When one day we meet Moses and Job at that Golden street, Iam sure they will share their experiences of their personal encounters with the Lord Jesus while they were in their mortal bodies.

Oh yes, Easter is not just gorgeous but glorious and marvelous. The womb of earth could not hold Him, because He holds the whole earth in His hands. The imperial seal of the Roman government could not restrain Him, because He holds the governments on His shoulders. The piece of rock which was at the mouth of His tomb could not confine Him because He is the Rock of Ages.

Jesus Christ conquered death and the grave and on the third day triumphantly declared: "*O death, where is thy sting? O grave, where is thy victory*?" (1Cor.15:55, NIV). There are some people however, who are of the opinion that Jesus didn't die on the cross, but He only fainted. They say He wokeup later and went away. But to this assertion I add, Jesus had been arrested on the previous nightand maltreated for 20 hours. He had gone without sleep and food. He was too weak even tocarry His own cross. Then he was exposed on the cross for six hours and finally His side waspierced with a spear before he was taken down. How could such a man wake up and exertenergy enough to roll away the stone which three women could not move? (Mk.16:3).Even the enemies of Jesus accepted that the tomb was empty, and they spread the story that thedisciples had stolen His body (Mt 28:11-15). If the resurrection had not taken place, the opendeclaration of it by His disciples would have been stopped by the Jews and they would producethe body for inspection. They could not do this because the tomb was empty.

Resurrection is God's assurance that Jesus is more than the Messiah. He has become the life giving spirit to all mankind. It is not the empty grave that wins us to faith, neither the resurrection account, nor the cross or spear, but only this risen Man can do it.

Easter was the miracle of the East, but it occurred in the center of the earth,just as the Ark of the Covenant was in the center of the camp of His people Israel in wilderness. The full story of Easter was not just the Jesus as the sacrificial Lamb on the cross, but the victorious march of the Lion of Judah through Hades for the final victory."*Therefore, He says: When He ascended on high, He led captivity captive, and gave gifts tomen". (Now this, "He ascended" – what does it mean but that He also first descended into thelower parts of the earth? He who descended is also the one who ascended far above all theheavens, that He might fill all things*." (Eph.4:8-10, KJV).

Easter was glorious, but the full splendor of the glory could not be perceived by human eyes. Mary Magdalene got the opportunity to see Him, but couldn't touch Him, because He was surrounded with the souls of all the dead in Christ.Including that thief who died next to Him on the cross only three days earlier. This mystery was the fuller splendor of the Glory of God. This transition "from glory to glory" (2 Cor 3:18), is a translation from the state of natural man, to the eternal transformation of all mankind who believe in Him.

Easter is full of the glories of God and is eternally marvelous and magnificent.Even His tomb can teach us. It remains opened on the face of the earth as the reminder of His resurrection. Just as He carries the resurrected scars of the wounds on His body eternally for you and me, they both speak of His sacrifice and declare the power of His resurrection.

Dear friend, Jesus Christ has done everything to provide for your resurrection and eternal life with Him in glory.Are you certain where you will spend eternity? I urge you, choose Christ and ensure where you will spend your eternity.


## സ്നേഹവചനം പത്രത്തിന്റെ പ്രവർത്തനങ്ങളിൽ താങ്കൾക്കും പങ്കാളിയാകാം



സ്നേഹവചനം പത്രം അനേകർക്ക് അനുഗ്രഹമാണെന്നറിയുന്നതിൽ സന്തോഷം ഉണ്ട്. എന്നാൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഈ പത്രത്തിന് സ്പോൺസേഴ്സോ സ്ഥിരമായ ഒരു സാമ്പത്തിക വരിമാനമോ ഇല്ല. വാർഷിക വരിസംഖ്യ, പരസ്യങ്ങൾ തുടങ്ങിയവ മാത്രമാണ് പത്രത്തിന്റെ സാമ്പത്തിക ശ്രോതസ്. ഈ പത്രം താങ്ങൾക്ക് അനുഗ്രഹമാണെങ്കിൽ ഈ പ്രവർത്തനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളിൽ സഹകരിക്കേണമേ എന്ന് ഓർപ്പിക്കുന്നു. കൃത്യമായി വാർഷിക വരിസംഖ്യ നൽകിയും പരസ്യങ്ങൾ നൽകിയും, സംഭാവനകൾ നൽകിയും, ഒരു ലക്കം സ്പോൺസർ ചെയ്യുന്നതിലൂടെയും താങ്കൾക്ക് ഈ പ്രവർത്തനത്തിൽ പങ്കാളിയാകാൻ സാധിക്കും.
ആയതിനാൽ താങ്കളുടെ ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ആവശ്യപ്പെടുന്നു. –
പത്രാധിപർ

9656571354

## വേഷമല്ല വ്യക്തിത്വം



കൊട്ടാരത്തിന് ചുറ്റും കുരങ്ങന്മാരെ കണ്ട രാജകുമാരന് ഒരു കൗതുകം തോന്നി.കുരങ്ങന്മാരെ നൃത്തം പഠിപ്പിച്ച് ജനങ്ങളെ രസിപ്പിക്കാം. വിലപിടിപ്പുള്ള ഉടുപ്പുകളും മുഖംമൂടികളും ധരിപ്പിച്ച് അരങ്ങിലെത്തുമ്പോൾ മതിമറന്ന് രാജനർത്തകരെപ്പോലെ അവർ നൃത്തമാടും,നിറഞ്ഞ കൈയ്യടിയും ലഭിക്കും. സംഗതി വിജയമായി.പക്ഷേ, ഒരിക്കൽ നൃത്തം നടക്കുന്നതിനിടയിൽ കാണികളിൽ ഒരാൾ കീശയിൽ കിടന്ന കപ്പലണ്ടിവാരി സ്റ്റേജിലേക്ക് എറിഞ്ഞു. കപ്പലണ്ടി കണ്ട കുരങ്ങന്മാർ നൃത്തമെല്ലാം മറന്നു മുഖംമൂടി വലിച്ചെറിഞ്ഞു, ഉടുപ്പുകൾ കീറിഎറിഞ്ഞ് കപ്പലണ്ടിക്കുവേണ്ടി കടിപിടികൂടി. എത്ര ഒളിപ്പിച്ചാലും ഉള്ളിലുള്ളത് ഒരിക്കൽ പുറത്തുവരും. സൗന്ദര്യവർധക വസ്തുക്കൾക്കു വ്യക്തിവൈശിഷ്ടം സമ്മാനിക്കാനാകില്ല. അലങ്കാരങ്ങൾ എന്തിനെയും ആകർഷകമാക്കാം. അർത്ഥപൂർണ്ണമാകണമെന്നില്ല. വേഷങ്ങൾക്കും വിദ്യകൾക്കും അപ്പുറമാണ് വ്യക്തിത്വം. സവിശേഷതകൾ അനന്യമാകുന്നതുപോലെ തന്നെയാണ് ദൗർബല്യങ്ങളും. അതും ഓരോരുത്തർക്കും സ്വന്തമായുണ്ടാകും.തിരിച്ചറിയാനും തിരുത്താനുമുള്ള തയ്യാറെടുപ്പാണ് വേണ്ടത്. വേഷം മാറാനുള്ള വ്യഗ്രത പ്രകൃതം മാറാനുള്ള വിവേകമാകണം. ഓരോ ദൗർബല്യവും അതിനു പ്രത്യക്ഷപ്പെടാനുള്ള അനുയോജ്യ അവസരത്തിനു വേണ്ടി കാത്തിരിക്കുകയാണ്. സാഹചര്യങ്ങളെ ഒഴിവാക്കാനായെന്നു വരില്ല. വശീകരണങ്ങളെ നേരിടാൻ സന്നദ്ധമാകണം. ഒരാളെ വിലയിരുത്താനുള്ള അയാളുടെ വൈകല്യം എന്തെന്നും അതിന്റെ ആഴം എത്രയെന്നും അറിയുകയാണ്. എല്ലാവർക്കും എല്ലാ കാര്യങ്ങളും ചെയ്യാനുമാകില്ല. അനുയോജ്യമായ സ്ഥലത്തു നിയോഗിക്കുന്നതാണ് നേതൃത്വത്തിന്റെ സവിശേഷത. (കടപ്പാട്)

**ഓരോ ദൗർബല്യവും അതിനു പ്രത്യക്ഷപ്പെടാനുള്ള അനുയോജ്യ അവസരത്തിനു വേണ്ടി കാത്തിരിക്കുകയാണ്**

# വിളക്കിനകത്ത് ഇരുട്ട് കയറിയാൽ...

**"ഞാൻ വിളക്ക് ആട്ടിക്കാണിച്ചു എന്നുള്ളത് ശരിയാണ്. എന്നാൽ ആ വിളക്ക് "കത്തിച്ചിട്ടില്ലായിരുന്നു."**

രാജു പാലക്കുഴി
9388963848

ലോകം അന്ധകാരത്തിന്റെ ആഴങ്ങളിലേയ്ക്ക് മൂക്ക് കുത്തി വീഴുവാൻ അതിവേഗം ഓടുകയാണ്. എവിടെ നോക്കിയാലും വെളിച്ചം ഇല്ലാത്ത രാത്രിയുടെ ക്രൂരമായ വിനോദത്തിന് ജനങ്ങൾ ഇരയായി തീർന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ മദ്ധ്യേ ജീവിക്കുന്ന നമ്മോടായി കർത്താവ് ഒരു കാര്യം പറഞ്ഞത് നാം മറന്നതുപോലെ തോന്നിപ്പോകുന്നു.

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ...."

ഇരുട്ടിന്റെ ഉള്ളറകളിൽ മറഞ്ഞുകിടക്കുന്ന ജനത്തിന് നമ്മുടെ നല്ല പ്രവൃത്തികളെ കാണണമെങ്കിൽ നമ്മിൽ കൊളുത്തിയ ദൈവീക പ്രകാശത്തിന്റെ തിരികൾ കത്തേണ്ടിയിരിക്കുന്നു.

ഒരു ദിവസം കൂരിരുട്ടുള്ള രാത്രി വളരെ വേഗത്തിൽ ഒരു കാർ റെയിൽവേ ക്രോസിലേക്ക് പാഞ്ഞുവരുന്നതു ലെവൽക്രോസ് കാവൽക്കാരൻ കണ്ടു. ഉടനെ അദ്ദേഹം തന്റെ വിളക്കെടുത്ത് ആട്ടിക്കൊണ്ട് ഓടിയെത്തി. എന്നാൽ കാർ ഓടിച്ചു വന്നയാൾ ട്രെയിൻ ഇടിച്ച് തൽക്ഷണം മരിച്ചു. കാവൽക്കാരന്റെ പേരിൽ കേസെടുത്തു കോടതിയിൽ ഹാജരാക്കി. അയാളോട് കോടതി താൻ കാറുകാരന്റെ നേർക്ക് വിളക്ക് ആട്ടിക്കാണിച്ചുവോ? ഇല്ലയോ? എന്ന് ചോദിച്ചു. വളരെ വിറയലോടെ ദൈവനാമത്തിൽ സത്യംചെയ്തുകൊണ്ട് താൻ വിളക്ക് ആട്ടിക്കാണിച്ചു എന്നയാൾ പറഞ്ഞു. അയാളെ കോടതി വെറുതെവിട്ടു.

അടുത്ത ഒരു ദിവസം കാവൽക്കാരന്റെ സ്നേഹിതൻ അയാളോട് ഇപ്രകാരം ചോദിച്ചു തോമസ് നീ ഈ കഴിഞ്ഞ ദിവസം കോടതിയിൽ മൊഴി കൊടുക്കുമ്പോൾ വിറയ്ക്കുവാൻ കാരണമെന്തായിരുന്നു? തോമസ് ഇപ്രകാരം പറഞ്ഞു ഞാൻ വിളക്ക് ആട്ടിക്കാണിച്ചു എന്നുള്ളത് ശരിയാണ്. എന്നാൽ ആ വിളക്ക് "കത്തിച്ചിട്ടില്ലായിരുന്നു." ആയതിനാൽ പ്രകാശം ഉണ്ടായിരുന്നില്ല. അതു എപ്പോഴും രാത്രിയിൽ കത്തിക്കൊണ്ടിരിക്കേണ്ടതാണ്. ദൈവം എന്നോട് ക്ഷമിക്കട്ടെ.

ലോകത്തിന് വരാൻ പോകുന്ന അപകടത്തെ ചൂണ്ടിക്കാണിക്കുവാൻ ദൈവം നിറുത്തിയിരിക്കുന്ന വിളക്കുകളാണ് ദൈവമക്കൾ. തങ്ങളെ ദൈവം ആക്കിവച്ചിരിക്കുന്ന സ്ഥാനത്തിന്റെ മഹത്വം പലർക്കും അറിഞ്ഞുകൂടാ... അനേകരും വിളക്കുകൾ കത്തിച്ചിട്ടുണ്ട്. പക്ഷേ പറയിൻ കീഴിലും കട്ടിലിൻ കീഴിലും വെച്ചിരിക്കുകയാണ്. ചിലർ എണ്ണയില്ലാതെ കരിന്തിരി ആയതിനാൽ പുക വമിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയിലാണ്. മറ്റു ചിലർ മണവാളന്റെ വരവിന് ഒരുങ്ങിയിരുന്ന ബുദ്ധിയില്ലാത്ത കന്യകമാരുടെ അവസ്ഥയിലാണ്. അവർ ശരിയായി രക്ഷിക്കപ്പെട്ടവർ ആകണമെന്നില്ല. അങ്ങനെയുള്ളവർ സഭയുടെ എല്ലാ പ്രവർത്തന മേഖലകളിലും ഒരു പരിധി വരെ രംഗത്തുണ്ടായിരിക്കും. അവരെ കർത്താവിന്റെ വരവിൽ മാത്രമേ പൂർണ്ണമായി തിരിച്ചറിയാൻ കഴിയുകയുള്ളൂ. അവരുടെ വിളക്കുകൾ കത്തിക്കാൻ ശ്രമിക്കും. എണ്ണ ഇല്ലാത്തതിനാൽ കത്തുകയില്ല. എന്നാൽ ഒരു ദൈവപൈതലിന് രക്ഷിക്കപ്പെടുമ്പോൾ ദൈവം നല്കുന്ന ആദ്യദാനമാണ് പരിശുദ്ധാത്മാവ്. അതു നമ്മിൽ പൂർണ്ണമായി പ്രവർത്തിപ്പാൻ നാം സമർപ്പിച്ചു കൊടുക്കുമ്പോൾ നാം ആത്മാവിനാൽ നിറയുന്നു. അപ്പോൾ നമ്മിൽ കൊളുത്തിയ ദൈവീകഅഗ്നി പരിശുദ്ധാത്മാവാകുന്ന എണ്ണയാൽ ശോഭാപൂർണ്ണമായിത്തീരുന്നു. അപ്പോൾ അനേകരും അന്ധകാരത്തിൽ തപ്പിത്തടഞ്ഞ് വീഴുകയും മരണത്തിന് അപ്പുറമായി അവർക്ക് വെളിച്ചം കൊടുക്കുന്ന വിളക്കുകളായി നാം തീരും. അങ്ങനെ നമ്മുടെ വെളിച്ചം അവരുടെ



മുമ്പിൽ പ്രകാശിക്കുമ്പോൾ അന്ധകാരത്തിൽ ജീവിതം അവസാനിപ്പിക്കുന്ന പലരേയും അത്ഭുത പ്രകാശത്തിലേക്ക് കൊണ്ടുവരുവാൻ കഴിയും. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

"ആത്മനിറവിന്റെ അനുഭവം ഉള്ളവർക്ക് മാത്രമേ കത്തിയെരിയുവാൻ കഴിയുകയുള്ളൂ."


# ലേഖനങ്ങൾക്ക് ഒരു മുഖവുര



**വചന പഠനം**

**പാസ്റ്റർ എബി ഏബ്രഹാം**

**2**



ആകെയുള്ള 21 ലേഖനങ്ങളെയും അവ ഉൾക്കൊള്ളുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളായി പഠന സൗകര്യാർത്ഥം വിഭജിച്ച് ക്രമീകരിക്കാവുന്നതാണ്.

1 . **രക്ഷാ തത്വ ശാസ്ത്രപരമായ ലേഖനങ്ങൾ**

റോമാ ലേഖനവും 1,2 കൊരിന്ത്യ ലേഖനങ്ങളുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നവ. എല്ലാ ലേഖനങ്ങളിലും ദൈവീക രക്ഷാ പദ്ധതിയുടെ വിവിധ ചിന്തകളും പഠനങ്ങളും ഉണ്ടെങ്കിലും റോമാ ലേഖനത്തിൽ രക്ഷയുടെ അടിസ്ഥാനപരമായ വിവരണങ്ങളും ദൈവശാസ്ത്ര പരമായ വിശകലനങ്ങളും ധാരാളമായുണ്ട്. കൊരിന്ത്യ ലേഖനങ്ങളിലും രക്ഷസംബന്ധമായ വിഷയങ്ങളുടെ സമഗ്രമായ പഠനം ലഭിക്കപ്പെടുന്നു.

2 . **ക്രിസ്തു ശാസ്ത്രപരമായ ലേഖനങ്ങൾ**

എഫെസ്യർ ഫിലിപ്പ്യർ, കൊലോസ്യർ ഫിലേമോൻ എന്നീ വിശിഷ്ട ലേഖനങ്ങളാണ് ക്രിസ്തു ശാസ്ത്ര പരമായവ. കാരാഗ്രഹ ലേഖനങ്ങളെന്നു വിളിക്കപ്പെടുന്നു ഇവകളിൽ ക്രിസ്തുവിന്റെ മഹത്വവും, മഹത്വത്തിന്റെ ധനവും മാത്രമല്ല, തിരു അവതാരം, പരമയാഗം, പുനരുദ്ധാനം, സ്വർഗ്ഗാരോഹണം, പുനരാഗമനം എന്നിത്യാദി മഹത് സംഭവങ്ങളും പരിശുദ്ധാത്മാവിന്റെ അത്യന്ത ശക്തിയുടെ വ്യാപാരവും ഈ നാലു ലേഖനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു.

3. **സഭാതത്വ ശാസ്ത്രപാരമായ ലേഖനങ്ങൾ**

ജീവനുള്ളദൈവത്തിൻ സഭയാം ദേവാലയത്തിൽ എങ്ങിനെ നടക്കണം എന്നത് ശുശ്രൂഷ വൃന്ദവും സഭാജനങ്ങളും അറിയേണ്ടതിന് തന്റെ നിജ പുത്രന്മാരായ തിമൊഥെയോസിനും തീത്തോസിനും എഴുതിയ 3 ലേഖനങ്ങളാണ് സഭാതത്വ ശാസ്ത്രപരമായ ലേഖനങ്ങൾ. ഇടയലേഖനങ്ങൾ എന്ന് ഇവ പൊതുവെ അറിയപ്പെടുന്നു.

4. **ഭാവികാല പരമായ ലേഖനങ്ങൾ**

പൗലോസ് ആദ്യം എഴുതിയ ലേഖനങ്ങൾ എന്ന് അംഗീകരിക്കപ്പെടുന്ന തെസ്സലോനിക്യ ലേഖനങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നവ. ദൈവ സഭയുടെ ഭാവി പ്രത്യാശയായ ക്രിസ്തുയേശുവിന്റെ പുനരാഗമനം അനന്തര സംഭവങ്ങൾ എന്നിവയാണ് ഇവ കൈ കാര്യം ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഈ ലേഖനങ്ങളെ ഭാവികാല പരം എന്നു വിളിക്കുന്നു.

5. **ന്യായപ്രാമാണ പരം**

രണ്ടുപ്രമാണങ്ങളെ സമഗ്രമായി താരതമ്യ ചെയ്യുന്ന ലേഖനങ്ങളാണ് ഗലാത്യ ലേഖനവും എബ്രായ ലേഖനവും. അതുകൊണ്ട് അവയെ ന്യായപ്രമാണ പരമായവ എന്നും വിശേഷിപ്പിക്കാം. സീനായ് മലയിൽ നിന്ന് മോശമൂലം ലഭിക്കപ്പെട്ട ന്യായപ്രമാണവും കാൽവറിമലയിൽ നിന്ന് ക്രിസ്തു യേശുമൂലം ലഭ്യമായ കൃപയുടെ പ്രമാണവും തുറന്നു കാട്ടിയിട്ട് പുതിയ നിയമത്തിന്റെ സവിശേഷതകൾ വ്യക്തമായി വിശകലനം ചെയ്യുകയാണ്.

**ഗ്രന്ഥകാരൻ**

പൗലോസിന്റേത് എന്ന് അവകാശപ്പെടാവുന്ന റോമാ ലേഖനം മുതൽ ഏബ്രായ ലേഖനം വരെയുള്ള പതിനാലു ലേഖനങ്ങളെ വിഷയാടിസ്ഥാനത്തിൽ അഞ്ചു ഭാഗങ്ങളായി നിലയിൽ തരം തിരിക്കുന്നത് പഠന സൗകര്യവും അതാത് ലേഖനങ്ങളുടെ സ്വഭാവവും അവ ഉൾക്കൊള്ളുന്ന വിഷയങ്ങളുടെ ആഴവും ഗ്രഹിക്കാൻ കഴിയും.

**ലേഖന രചന അതിന്റെ ഉദ്ദേശവും പ്രസക്തിയും.**

പല സന്ദർഭങ്ങളിലായി എഴുതപ്പെട്ടതാണ് പൗലോസിന്റെ പതിനാലു ലേഖനങ്ങളും. അവയെല്ലാം വിശേഷമായ ലക്ഷ്യങ്ങളോടെയാണ് എന്നത് ഏറെ ചിന്തനീയമാണ്. (1) ദൈവജനത്തിന്റെ ശാക്തീകരണത്തിനും(2) ആത്മ പ്രകാശത്തിനും (3) ശുശ്രൂഷക വൃന്ദങ്ങളുടെ ആക്ഷേപ രഹിതമായ ജീവിത സംസ്കാരത്തിനും (4) ദൈവസഭയുടെ തനതായ വളർച്ചക്കും(5) ദൗത്യ നിർവ്വഹണ പാതയിലെ ഉത്തേജനത്തിനും (6) പുനരാഗമന പ്രത്യാശയെ ദൃഢതരമാക്കേണ്ടതിനും(7) ആത്മീക പോരാട്ട ഭൂമികയിലെ വീര്യത്തിനും (8) ലോകം, ജഡം, പിശാച് എന്ന ത്രിവിധ ശക്തികളോടുള്ള ചെറുത്തു നില്പ്പിനുള്ള കരുത്ത് ആർജ്ജിക്കേണ്ടതിനും(9) ക്രിസ്തു കേന്ദ്രീകൃതമായും, ആത്മ നിയോഗിതമായും, സത്യവചനാനുസൃതമായും , വചന പ്രസാദ യോഗ്യമായുള്ള ക്രിസ്തീയ ജീവിതം എല്ലായിടത്തും എല്ലായ്പ്പോഴും

പൂർണ്ണ വിജയത്തിലെത്തിക്കേണ്ടതിനും ഉതകുന്ന ആത്മീക ഉപദേശങ്ങളെ -പിതൃതുല്യമായ പരിഗണനയോടും മാതൃതുല്യമായ കരുതലോടും സഹോദര തുല്യമായ സനേഹത്തോടും, അപ്പോസ്തലനു അനുയോജ്യമായ അധികാരത്തോടും പ്രവാചകനനുസാരമായ പ്രകാശത്തോടും, സുവിശേഷകനു യോഗ്യമായ സാക്ഷ്യ ജീവിതതോടും, ഉപദേഷ്ടാവിന്റെ ഉൾകാമ്പോടും, അനുവാചകരിലേക്ക് പകരുക എന്നതാണ് ഈ ലേഖനങ്ങളുടെ ഉദ്ദേശം.

**ലേഖനത്തിന്റെ പ്രസക്തി എന്താണെന്നു പഠത്തിന്റെ സൗകര്യാർത്ഥം താഴെ പറയും പ്രകാരം തരംതിരിച്ചു ചിന്തിക്കാം.**

**1. ആത്മീക വിഷയങ്ങളെക്കുറിച്ചുള്ള ആഴമായ പ്രബോധനം.**

പ്രസംഗ ശുശ്രൂഷയിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ് പ്രബോധനം വിവിധ വിഷയങ്ങളുടെ ആഴമായ അവബോധം നൽകുകയാണ് പ്രബോധന ലക്ഷ്യം.

1. ആരാധനയ്ക്ക് അനുയോജ്യമായ നിലയിൽ ശരീരം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള പ്രബോധനം(റോമ.12:1-2).
2. ആത്മീക പക്വതയുള്ളവാകേണ്ടതിനുള്ള പ്രബോധനം (റോമ 15:14).
3. അനാത്മിക പ്രവണതയ്ക്കെതിരെ ഉണർന്നിരിക്കേണ്ടതിനുള്ള പ്രബോധനം(റോമ.16:17)
4. സഭയിലെ ഐക്യതയുടെ പ്രസക്തിയെക്കുറിച്ചുള്ള പ്രബോധനം(1 കൊരി.1:10)
5. അനുകരിക്കേണ്ടതിനായുള്ള പ്രബോധനം(1 കൊരി.4:16)
6. വിശുദ്ധന്മാരെ മാനിക്കേണ്ടതിനുള്ള പ്രബോധനം (1 കൊരി.16:16)
7. ക്രിസ്തുവിനു പകരം പ്രബോധിപ്പിക്കുന്നു(2 കൊരി.5:20)
8. കൃപയെ വ്യഥാവാക്കരുതെന്ന പ്രബോധനം (2കൊരി 6:1)
9. ആത്മീക പോരാട്ടത്തെക്കുറിച്ചുള്ള പ്രബോധനം (2കൊരി.10:1-4)
10. ദൈവീക വിളിയെക്കുറിച്ചുള്ള പ്രബോധനം (എഫേ.4:1)
11. പരസ്പരം ഐക്യമത്യപ്പെടേണ്ടതിനുള്ള പ്രബോധനം(ഫിലി.4:1)
12. ക്രിസ്തുവിൽ തികയേണ്ടതിനുള്ള പ്രബോധനം (കൊലോ.1:28)
13. വിശ്വാസം സംബന്ധിച്ചുള്ള പ്രബോധനം(1തെസ്സ.2:12, 3:2)
14. ക്രമംകെട്ടവരോട് അകലാനുള്ള പ്രബോധനം(1തെസ്സ.5:14)
15. മെനക്കെട്ടു നടക്കുന്നവർക്കെതിരെയുള്ള പ്രബോധനം(2തെസ്സ. 3:12)
16. പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധനം(1തിമൊ.2:2)
17. സഭയിൽ പ്രബോധിപ്പിക്കേണ്ടതിനായുള്ള നിർദ്ദേശങ്ങൾ (തിമൊ.5:2,6:2, തീത്തൊ.1:9,2:5,എബ്രാ.3:13)

ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പോസ്തലനായ ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു(2തിമൊ.1:11). ഈ നിയമന ഉത്തരവ് കൈവശമുള്ളവന് പ്രബോധിപ്പിക്കാതിരിക്കാനാകുമോ? (തുടരും)

**അടുത്തലക്കം ദുരുപദേശങ്ങൾക്കെതിരെ കനത്ത പ്രതിരോധം**

## പാസ്റ്റർ സഹായം അഭ്യർത്ഥിക്കുന്നു

ന്യൂഡൽഹി: പാസ്റ്റർ ബാബു കോശി കഴിഞ്ഞ 16 വർഷമായി നോർത്ത് ഇന്ത്യയിൽ ഐപിസി ഡൽഹി സ്റ്റേറ്റിന്റെ കീഴിൽ ഹിന്ദിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്നു എന്നാൽ ഇക്കഴിഞ്ഞ ജനുവരി 25ന് കാലിലുണ്ടായ ഒരു മുറിവ് പഴുത്ത വലിയ വൃണമാകുകയും വലത്തെ കാൽ മുറിക്കത്തക്ക നിലയിൽ എത്തപ്പെട്ട് നിൽക്കകയുമാണ്. ഇപ്പോൾതന്നെ തന്റെ ചികിത്സാ ചിലവ് ഏഴുലക്ഷത്തിലധികം കഴിഞ്ഞു. ആകെയുണ്ടായിരുന്ന വസ്തു ഇതിനോടകം വിറ്റു എന്നറിയുവാൻ കഴിയുന്നത്.4 മണിക്കൂർ നീണ്ട ഒരു ശസ്ത്രക്രിയക്കു താൻ വിധേയനാകേണ്ടിയിരിക്കുന്നു. നല്ലൊരു സാമ്പത്തികമുണ്ടെങ്കിൽ മാത്രമെ ശസ്ത്രകിയ സാധ്യമാകൂ. പഠിച്ചു കൊണ്ടിരിക്കുന്ന രണ്ടു പെൺമക്കളും 12 വയസ് പ്രായമുള്ള ഒരു ആൺ പൈതലുമാണുള്ളത്. ഈ ദൈവദാസന്റേത് തികച്ചും ഹിന്ദിക്കാരുടെ ഇടയിലുള്ള പ്രവർത്തനം ആയതുകൊണ്ട് സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണ്. ചികിത്സയ്ക്കായിട്ട് ഇനിയും നല്ലൊരു തുക ആവശ്യമായിട്ടുണ്ട്.

സഹായിക്കാൻ കഴിവുള്ള ദൈവമക്കൾ നിങ്ങളുടെ കഴിവിന്റെ പരമാവധി ഈ ദൈവദാസനെ സഹായിച്ചാലും. നിങ്ങൾക്ക് നേരിട്ട് വിളിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്താവുന്നതാണ് . അദ്ദേഹത്തിന്റെ അക്കൗണ്ട് നമ്പറും ഫോൺ നമ്പറും താഴെ ക്കൊടുക്കുന്നു.

**Pr. Babu Koshy**
**Account no 13020100205437,**
**Iesc cod- Fdrl 0001302**
**Fedaral Bank, Nehru Park New Delhi**
**Phone'09891714490**

(കടപ്പാട്)

# മാർട്ടിൻ ലൂഥറും നവീകരണവും



**പീരുമേട് ക്ലീറ്റസ്**

ലോകചരിത്രത്തിലെ തന്നെ വേറിട്ട് സ്വർണ്ണലിപികളാൽ അടയാളപ്പെടുത്തിയ ഒരു സംഭവമായിരുന്നു ഇന്നേക്ക് 500 വർഷങ്ങൾക്ക് പുറകിൽ കത്തോലിക്ക സഭയെ പൊതു സമൂഹത്തിന് മുമ്പിൽ കുറ്റവിചാരണ ചെയ്തുകൊണ്ട് ഡോ. മാർട്ടിൻ ലൂഥർ കിംങ് സഭയ്ക്ക് പുറത്തേക്ക് വന്നത്. ഇത് കത്തോലിക്ക സഭയിൽ നിന്ന് മാത്രമുള്ള കേവലം നവീകരണമായിട്ടല്ല, ലോകത്താകമാനം തന്നെ നവീകരണത്തിന്റെ പൊൻ കിരണങ്ങൾ വിതറിയ സംഭവമായിരുന്നു. അതേ തുടർന്ന് നവീകരണത്തിന്റെ പുതിയ അദ്ധ്യായങ്ങൾ തുറക്കുകയും ലൂഥറൺ, ബ്രദറൺ, ബാപ്റ്റിസ്റ്റ്, പ്രൊട്ടസ്റ്റന്റ് , പെന്തക്കോസ്ത് എന്നിങ്ങനെ ഒട്ടനവധി നവീകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്. വിവിധ ഉപദേശ വിഷയങ്ങളെയും, വിശ്വാസപ്രമാണത്തെയും, ആചാരാനുഷ്ഠാനങ്ങളെ പ്രതിയും നവീകരണ പ്രസ്ഥാനങ്ങൾ വിഘടിച്ച് നിൽക്കുമ്പോഴും, ആരെയും അമ്പരപ്പിക്കുന്ന നിലയിലേക്ക് ഈ സമൂഹം വളർന്ന് കഴിഞ്ഞു.

2017 ാം ആണ്ടിൽ മാർട്ടിൻ ലൂഥർ എന്ന ആ മഹാമനുഷ്യൻ ആരംഭിച്ച നവീകരണത്തിന്റെ 500-ാം വാർഷികം ആഘോഷിക്കുകയാണ്. ഇന്ന് ലോകം മുഴുവനും ജർമനിയിലെ വിറ്റേൺ ബർഗിലേക്ക് കാതുംകണ്ണും കൂർപ്പിച്ചിരിക്കുകയാണ്. 95 ഓളം കുറ്റാരോപണങ്ങൾ കത്തോലിക്ക സഭയക്കെതിരെ കതകിൽ എഴുതി തറച്ച് പുറത്തേക്കിറങ്ങിയ മാർട്ടിൻ ലൂഥറിനെ അന്ന് കണ്ട ലോകം, ഇന്ന് അതിന്റെ 500-ാം വാർഷികത്തിലും അതേ ആകാംഷയോടെ ജർമ്മനിയിലേക്ക് നോക്കുകയാണ്.

ഇന്ന് ജർമ്മനിയിൽ ഇതിന്റെ ആഘോഷങ്ങൾ വളരെ തകൃതിയായി നടക്കുമ്പോൾ, ഇന്നേക്ക് 500 വർഷത്തിന് പുറകിൽ അവിടെ ആഘോഷമായിരുന്നില്ല നടന്നത്. അന്ന് ജർമ്മനി കണ്ടത് നവീന കർത്താവായ മാർട്ടിൻ ലൂഥറിനും, നവീകരണത്തിന്റെ വക്താക്കൾക്കുമെതിരെ സഭ അഴിച്ചു വിട്ട അതിഭീകരവും, പൈശാചികവുമായിരുന്ന പ്രവർത്തികളായിരുന്നു. അന്നത്തെയും ഇന്നത്തെയും സംഭവങ്ങൾ തമ്മിൽ വളരെ രസകരമായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്.

1517 ൽ റോമൻ ചക്രവർത്തി പുതിയ ടെക്നോളജികളെ ശിഥിലമാകുന്ന കാലം. അന്നത്തെ സോഷ്യൽ മീഡിയയായിരുന്നു പ്രിന്റിംഗ് മീഡിയകൾ. അതെല്ലാം അന്ന് ജർമ്മനിയുടെ അതിർത്തിയിലേക്ക് ഭരണാധികാരികൾ പരിമിതപ്പെടുത്തി. എന്നാൽ മാർട്ടിൻ ലൂഥർ കിംങ് ഈ പരിഷ്ക്കാരങ്ങളെ സ്വീകരിച്ചു. ഒപ്പം മാർട്ടിൻ ലൂഥർ ചില പരിഷ്ക്കാരങ്ങളെ നിരാകരിച്ചിരുന്നതായും ചരിത്രം പറയുന്നു. ഇതേ ജർമ്മനിയിൽ ഇന്ന് ഒരേ സമയം ഏഴ് ഭാഷകൾ കൈകാര്യം ചെയ്യുന്ന ഒരു റോബർട്ടിനെ അവതരിപ്പിച്ചിരിക്കുന്നു എന്നത് അതിലേറെ കൗതുകം ഉണർത്തുന്ന ഒരു വാർത്തയാണ്. ഒപ്പം ഇന്നത്തെ ജർ

**ലൂഥർ അന്ന് വിമർശിച്ചതെല്ലാം ഇന്ന് സഭയിൽ മടങ്ങിവന്നിരിക്കുന്നു...**

മ്മൻ ബൈബിളിൽ നിന്നും ഏറെ വ്യതിചലിച്ചു പോകുന്നതും നാം കാണാതെപോകരുത്. തന്നെയുമല്ല നവീകരണ പ്രസ്ഥാനങ്ങളുടെ ലോകത്താകമാനമുള്ള ഇന്നത്തെ അവസ്ഥ അതിലേറെ പരിതാപകരമാണ്.

ഈ പശ്ചാത്തലത്തിൽ, ഒരുപക്ഷെ മാർട്ടിൻ ലൂഥർ കിംങ് എന്ന ആ മഹാമനുഷൻ ജീവിച്ചിരുന്നെങ്കിൽ ഇന്നത്തെ ജർമ്മനിയെ എങ്ങനെ നോക്കി കാണുമെന്നത് ഒരു ചോദ്യമാണ്?

സുപ്രസിദ്ധ ജർമ്മൻ ലൂഥറൻ പാസ്റ്റർ ഡോ. തെയോ ലെഹ്മാൻ പറഞ്ഞത്, മാർട്ടിൻ ലൂഥർ ഈ അവസ്ഥയിൽ തന്റെ കുഴിമാടത്തിലേക്ക് തന്നെ തിരികെ പോകുമായിരുന്നു എന്നാണ്.

500 -ാം വാർഷികത്തിൽ മാർട്ടിൻ ലൂഥറിന്റെ വിചാരത്തെ കുറിച്ച് അഭിപ്രായപ്പെട്ട ഡോ. കാർലോസ് എയർ മാർട്ടിൻ ലൂഥൻ തന്റെ ആയുസ്സിൽ തന്നെ ലോകം അവസാനിക്കുമെന്നും, യേശുവിന്റെ രണ്ടാം വരവ് സംഭവിക്കുമെന്നും വിശ്വസിച്ചിരുന്നു.

ഇന്ന് തീർത്തും ശൂന്യമായ ഒട്ടനവധി നവീകരണ പ്രസ്ഥാനങ്ങളുടെ ആരാധനാലയങ്ങൾ ജർമനിയിൽ ഉൾപ്പടെ പാശ്ചാത്യ രാജ്യങ്ങളിൽ കാണുവാൻ കഴിയും. മാർട്ടിൻ ലൂഥറിനെ സംബന്ധിച്ചിടത്തോളം ഈ കാഴ്ചകൾ ഏറെ വേദനയും ദുഃഖവും ഉണ്ടാകുന്നതാണ്.

മാർട്ടിൻ ലൂഥർ ഉപേക്ഷിച്ച് വന്ന കത്തോലിക്ക സഭയ്ക്ക് ആഗോളവ്യാപകമായി 100 കോടിയിലധികം വിശ്വാസികൾ ഉണ്ട്. ഒപ്പം മാർട്ടിൻ ലൂഥർ തുടങ്ങിവച്ച നവീകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസികളുടെ എണ്ണവും 100 കോടിക്ക് മുകളിലാണ്.

മാർട്ടിൻ ലൂഥറിന്റെ പ്രതിമയും സ്തൂപവും മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തോട് ഇന്നത്തെ തലമുറയ്ക്ക് എത്രത്തോളം ബഹുമാനം ഉണ്ടെന്നറിയില്ല. അദ്ദേഹം എന്നും തർക്കിക്കുന്നതിൽ താത്പര്യപ്പെട്ടിരുന്നു. എന്നാൽ തന്റെ തർക്കത്തോട് വിയോജിക്കുന്നതിനെ താൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം അദ്ദേഹത്തിന്റെ സമയത്തിന്റെ ഒരു ഉൽപന്നം കൂടിയായിരുന്നു വിറ്റൻ ബർഗ് മ്യൂസിയത്തിന്റെ ഡയറക്ടർ ഡോ. ബെഞ്ചമിൻ ഹസേൽ ഹോൺ അഭിപ്രായപ്പെട്ടു.

ലൂഥറിന്റെ സമയത്തെ ജനങ്ങൾ മര്യാദയില്ലാത്തവരും, അശാന്തരും, ബഹളം വയ്ക്കുന്നവരും, മദ്യപാനികളും, മാംസാഹാരം ഭക്ഷിക്കുന്നവരും ആയിരുന്നു. ലൂഥറും അവരിൽ ഒരാളായിരുന്നു.

ലൂഥർ ഒരു യഹൂദവിരുദ്ധനായിരുന്നോ എന്ന ചോദ്യം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ആദ്യകാലത്ത് യഹൂദന്മാരോട് താൻ സഹതാപം കാണിച്ചിരുന്നെങ്കിലും പിന്നീട് പുസ്തകം എഴുതിയപ്പോൾ അവർക്കെതിരെ വളരെ വലിയ വിമർശനങ്ങളാണ് പറഞ്ഞിരുന്നത്. യഹൂദന്മാരുടെ സിനഗോഗുകളും കത്തിച്ചു കളയുവാനും ജർമ്മനിക്ക് പുറത്തേക്ക് യഹൂദന്മാരെ നാടുകടത്തുവാനും ലൂഥർ തീരുമാനിച്ചു. എന്നാൽ അവരെ കൂട്ടക്കൊല ചെയ്യുവാനോ, സർവ്വനാശം വരുത്തുവാനോ തീരുമാനിച്ചില്ല. പക്ഷെ യഹൂദന്മാരെ വിമർശിക്കാവുന്നതിന്റെ പരമാവധി അതിന് ശ്രമിച്ചു എന്ന് എയർ അഭിപ്രായപ്പെട്ടു.

ഡോ. ഹസേൽ പറയുന്നത്, ലൂഥർ ആന്റി സെമിറ്റിക്ക് ആയിരുന്നോ എന്നത് സങ്കീർണ്ണമായ ഒരു ചോദ്യമെന്നാണ്. നോ എന്ന് ഉത്തരം പറയാൻ നിങ്ങൾക്ക് കഴിയില്ല. എന്നാൽ ലൂഥർ ആന്റി സെമിറ്റിക്ക് ആയിരുന്നു എന്ന് പറയേണ്ടിവരും. എന്നാൽ ശരി എന്നും നിങ്ങൾക്ക് പറയാൻ കഴിയും. പക്ഷെ മോഡേൺ ആന്റി സെമിറ്റിക് അല്ലായിരുന്നു എന്ന് പറയേണ്ടി വരും. അത് അന്നത്തെ ആധുനിക ആന്റി സെമിറ്റിക് ആയിരുന്നു. ലൂഥറിന്റെ യഹൂദന്മാരോടുള്ള വിരോധം മതപരമായ വിഷയത്തിലായിരുന്നു. വർഗ്ഗപരമായിരുന്നില്ല.

ദൈവവചനപ്രകാരമുള്ള ഒരു ക്രൈസ്തവ സമൂഹത്തെ വാർത്തെടുക്കാൻ ദൈവം ഉപയോഗിച്ച ഒരു ഏജന്റായിരുന്നു മാർട്ടിൻ ലൂഥർ. ക്രൈസ്തവരെ പ്രവർത്തിയാലല്ല വിശ്വാസത്താൽ ജീവിക്കാൻ പഠിപ്പിച്ച വ്യക്തിയായിരുന്നു മാർട്ടിൻ ലൂഥർ എന്ന് എയർ അഭിപ്രായപ്പെട്ടു.

മാർട്ടിൻ ലൂഥറിന് മുമ്പ് വരെ ക്രൈസ്തവർ കൂടുതൽ സമയവും, പ്രയത്നവും, പണവും മരിച്ചവരുടെ ശാന്തിക്കായി ചിലവഴിക്കുമായിരുന്നത് മാർട്ടിൻ ലൂഥറിന് ഇല്ലാതാക്കാൻ കഴിഞ്ഞു. ലൂഥർ എന്ന ആ മഹാവ്യക്തിത്വമാണ് ഇന്നത്തെ എല്ലാ നവീകരണ പ്രസ്ഥാനങ്ങളുടെയും പെന്തക്കോസ്ത് സമൂഹത്തിന്റെയും ആരംഭമായിരുന്നത്. ലൂഥറിന്റെ സമയത്ത് യൂറോപ്പിൽ ഒരു ചർച്ച് മാത്രമേ ഉണ്ടായിരുന്നുള്ളൂ. മരണ സമയത്ത് പട്ടണം മുഴുവനും സഭകൾകൊണ്ട് നിറഞ്ഞു. ഒപ്പം പരസ്പരം സഹകരിക്കുന്നവരുമായിരുന്നു. ലൂഥറിന് ശേഷവും മുമ്പും ഒട്ടനവധി നവീകരണ കർത്താക്കൾ ഉണ്ടായിരുന്നെങ്കിലും മാർട്ടിൻ ലൂഥറോളം തുല്യം ചെയ്യാവുന്ന ആരും ഉണ്ടായിട്ടില്ല.

ലൂഥർ അന്ന് വിമർശിച്ചതെല്ലാം ഇന്ന് സഭയിൽ മടങ്ങിവന്നിരിക്കുന്നു. ലൂഥർ മടങ്ങി വരില്ല എന്നത് ഇന്നത്തെ ജർമ്മനിയുടെ ഒരു സന്തോഷം ആയിരിക്കാം.

# പോസ്റ്റ്മാൻ

**ജോൺസൺ സാമുവേൽ, കണ്ണൂർ**

**‘ സ്വർഗ്ഗം ഒരു ആലോചന തന്നിട്ടുണ്ടെങ്കിൽ അത് കൈമാറുവാൻ എന്തിന് ശങ്കിക്കേണം? ’**



1. തപാൽ വകുപ്പാണ് നിശ്ചിത തസ്തികകളിലേക്ക് വ്യക്തികളെ നിയമിക്കുന്നത്. വേണ്ടതായ യോഗ്യത ഉണ്ടെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് നിയമിച്ചതും. ഇതിന് ആരുടേയും ശുപാർശ ആവശ്യമില്ല. ആരെങ്കിലും ചെയ്യാൻ തീരുമാനിച്ചാൽ ഒരുത്തരുടേയും ശുപാർശ സ്വീകാര്യവുമല്ല.

മറ്റാരുടേയും താല്പര്യങ്ങൾക്കനുസരിച്ച് പ്രവൃത്തിക്കാതിരിക്കാനാണ്. സുവിശേഷത്തിന്റെ സന്ദേശം അനേകരിലെത്തിക്കുവാൻ ദൈവം തന്റെ ദാസന്മാരെ നിയമിക്കും. അത് സ്വർഗ്ഗീയ ഡിപ്പാർട്ട്മെന്റിനു ബോധ്യപ്പെട്ടതുകൊണ്ടാണ്. ആരുടേയും സ്വാർത്ഥതാല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനല്ല നമ്മെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തത്. മറ്റാരുടേയും ശുപാർശയുടെ പേരിലല്ല.

“മനുഷ്യരിൽ നിന്നല്ല മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർപ്പിച്ച പിതാവായ ദൈവത്താലുമത്രേ. (ഗലാ. 1:1) ആയതുകൊണ്ട് ദൈവത്തിന്റെ സന്ദേശവാഹകനായി പ്രവൃത്തിക്കുക. പ്രമാണം വിട്ട് ഒന്നും പറയുവാനും ചെയ്യുവാനും യഥാർത്ഥ സുവിശേഷകന് സാധ്യമല്ല.

2. സൗന്ദര്യം കൂടിയവരോ ഇല്ലാത്തവരോ, കറുത്തവരോ, വെളുത്തവരോ, ഉയരം കുറഞ്ഞവരോ കൂടിയവരോ, പ്രായം കുറഞ്ഞവരോ, കൂടിയവരോ ഇങ്ങനെ ആരുമാകും. ഇവരെ തപാൽ വകുപ്പാണ് കത്തുമായി അയക്കുന്നത്. പോസ്റ്റ്മാൻ കണ്ടാൽ ഗ്ലാമറില്ലാത്ത വ്യക്തിയായതു കൊണ്ട് എനിക്ക് നാളെ മുതൽ കത്തും തപാൽ ഉരുപ്പടികളും വേണ്ടെന്ന് ആരും പറയില്ല.

ഇതുപോലെ ദൈവം തന്റെ സന്ദേശവുമായി തനിക്ക് ബോധിച്ചവരെ അയക്കും. സന്ദേശം കൈമാറുന്ന വ്യക്തിയെ നോക്കിയല്ല. സന്ദേശം നൽകിയവനെ ആദരിച്ചാൽമതി. നമ്മുടെ കാഴ്ച്ചയ്ക്ക് വലിയ ഭംഗി ഇല്ലെങ്കിലും ദൈവത്താൽ അയക്കപ്പെട്ടവനാണെന്ന് കരുതിക്കോണം.

പുറമേ വലിയ എടുപ്പൊന്നും വേണ്ട. കയ്യിലുള്ള സന്ദേശത്തിനാണ് വില. അത് ചിലരുടെ ഉദ്ധാരണത്തിനും, വിടുതലിനും, മടങ്ങിവരവിനും ഉള്ളതാണ്. കത്ത് വായിച്ച് നോക്കുക, കാര്യത്തിന്റെ ഗൗരവ്വം അവിടെയാണ്. ചില കമ്പിനികൾ ചിലരെ നിയമിക്കുന്നത് പേഴ്സണാലിറ്റിയും ആകാരഭംഗിയും നോക്കിയാണ്. ദൈവം ഒരുവനെ തെരഞ്ഞെടുക്കുന്നത് സൗന്ദര്യം നോക്കിയല്ല. സൗകര്യമല്ല, സമ്പത്തല്ല, സമർപ്പണമുള്ളവനെയാണ്.

3. കത്ത്, മണിയോഡർ തുടങ്ങിയവ കൊടുത്തിട്ട് അവിടെ ചവിട്ടി നിന്ന് എന്നാൽ ഞാൻ പൊയ്ക്കോട്ടെ എന്ന് പറയരുത്. വിദേശത്തുനിന്നുള്ള എന്തെങ്കിലും ഡോളറോ മറ്റോ ആണെങ്കിൽ ചില്ലറ ചായകുടിക്കാൻ കിട്ടണം. ഇല്ലെങ്കിൽ പിന്നീട് ഒഴപ്പും. അതുകൊണ്ട് മിക്കവരും എന്തെങ്കിലും കൊടുത്തുവിടും. സ്വർഗ്ഗീയ സന്ദേശവാഹകന് ആരുടേയും സ്തോത്രകാഴ്ച്ചക്കു വേണ്ടി ചവിട്ടി തപ്പി നില്ക്കേണ്ട കാര്യമില്ല. മഹത്വമുള്ള ശുശ്രൂഷയ്ക്ക് വിളിച്ചാക്കിയത് മനുഷ്യരല്ല. പണം ഉള്ളവരുടെ താളത്തിന് തുള്ളാൻ സ്വർഗ്ഗം അഭിഷേകം ചെയ്തവനെ കിട്ടില്ല. കോഴ ഞ്ഞാനിയെ പൊട്ടനാക്കുന്നു എന്നാണ്. അനീതിയുടെ കൂലി കൊതിക്കുന്ന ബിലയാമിനെപ്പോലെയാകരുത്. ആരോടും ഒന്നും കടപ്പടരുത്. ആരുടേയും കൈമണിക്കു വേണ്ടി നില്ക്കരുത്. അപ്പോൾ സ്നാപക യോഹന്നാനെപോലെ കാര്യം തീർത്ത് പറയാം.

4. പോസ്റ്റ്മാൻ കൊണ്ടുവരുന്ന കത്തുകളിൽ സന്തോഷം പകരുന്നതും അല്ലാതെയുള്ളതും കാണും. ജപ്തി നോട്ടീസും വക്കീൽ നോട്ടീസും ഉണ്ടാവാം. എപ്പോഴും എല്ലാവർക്കും സൗഖ്യവും വിടുതലും അത്ഭുതവും മാത്രം നൽകുന്ന സന്ദേശവാഹകരുണ്ട്. യഥാർത്ഥ സുവിശേഷകൻ മടങ്ങിവരവിന്റേയും, മാനസാന്തരത്തിന്റേയും ന്യായവിധിയുടേയും ദൂത് കൊടുത്തെന്നിരിക്കും. എപ്പോഴും എല്ലാവർക്കും അല്ല.

നമ്മുടെ ദൈവം ദീർഘക്ഷമയുള്ള ദൈവമാണ്. അപ്പോൾതന്നെ ദഹിപ്പിക്കുന്ന അഗ്നിയാണ്. കൂടുതൽ ദൈവത്തോട് അടുക്കേണ്ടതിന് കഷ്ടതയിലൂടെ കടത്തിവിട്ടെന്നിരിക്കും. ആ സന്ദേശം വന്ന് പറഞ്ഞാൽ അവനോട് ദേഷ്യപ്പെടേണ്ട. അത് കത്ത് അയച്ചവനുമായി തീർത്തോണം. സന്ദേശം കൈമാറുക എന്ന ഒറ്റ ഉത്തരവാദിത്വമേയുള്ളൂ.

“എഴുതിയിരിക്കുന്ന എഴുത്തോ മെനേ മെനേ തെക്കേൽ ഊഫസിൻ” കാര്യത്തിന്റെ അർത്ഥമാവിത് മെനേ എന്നുവെച്ചാൽ ദൈവം നിന്റെ രാജത്വം എണ്ണി അതിന് അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ തുലാസിൽ നിന്നെ തൂക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു. പെറേസ് എന്നുവെച്ചാൽ നിന്റെ രാജ്യം വിഭാഗിച്ചച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു. (ദാനി.

ശേഷം പേജ് 5

## ബൈബിൾ ക്വിസ് 2018



തയ്യാറാക്കിയത്
അനു മോൾ

4

**ഈ ലക്കം ചോദ്യങ്ങൾ**

1.പിതൃഗോത്രമായി എണ്ണാത്ത ഗോത്രം?
a.ലേവി, b.എഫ്രയീം, c.ദാൻ

2.ഗിദയോന്റെ ഗോത്രം ഏത്?
a.ബെന്യമിൻ, b.മനശ്ശെ, c.യിസ്സാഖാർ

3ഹാനോക്കിന്റെ ജന്മസ്ഥലം?
a.ഊര്, b.നോദ്, c.തിശ്ബി

കഴിഞ്ഞലക്കത്തെ ശരിയുത്തരം,
1.യഹോവ
2.ഏലിയാവ്
3.പരിച്ഛേദനം
കഴിഞ്ഞ ലക്കം വിജയി:

**സണ്ണി ജോൺ ഏലപ്പാറ**

മൂന്നു ചോദ്യങ്ങൾക്കും ശരിയായ ഉത്തരം അയക്കുന്നവരിൽനിന്ന് തിരഞ്ഞെടുക്കുന്നഒരാൾക്ക് സമ്മാനം നൽകുന്നു. ഓരോ ചോദ്യങ്ങൾക്കുമുള്ള ഓപ്ഷനിൽ നിന്ന് ശരിയായ ഉത്തരത്തിന്റെ കോഡ് തിരഞ്ഞെടുത്ത് താഴെ ക്കൊടുത്തിരിക്കുന്ന നമ്പറിലേക്ക് എ സ്. എം.എസ് ചെയ്യുക.( അയക്കുന്ന ആളിന്റെ പേര് സ്ഥലം എന്നിവ എഴുതിയിരിക്കണം).

9656571354

# പ്രശ്നങ്ങളിൽ നിന്നും ഉയിർത്തെഴുന്നേൽക്കുവാൻ ദൈവം കരുത്തു നൽകും : പാസ്റ്റർ സണ്ണി ഡേവിഡ്



പാസ്റ്റർ സണ്ണി ഡേവിഡ് സംസാരിക്കുന്നു. പാസ്റ്റർ വർഗ്ഗീസ്കോശി സെന്റർ ശുശ്രൂഷകൻ സമീപം

മുക്കട: കഷ്ടതകളും പ്രയാസങ്ങളും നമ്മുടെ ജീവിതത്തിലുണ്ട്. എന്നാൽ പ്രയാസങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുവാൻ കർത്താവു കരുത്തും നൽകുമെന്ന് ഐ.പി.സി മുണ്ടക്കയം നോർത്ത് സെന്റർ സെക്രട്ടറി പാസ്റ്റർ സണ്ണി ഡേവിഡ് പറഞ്ഞു. ഐ.പി.സി മുണ്ടക്കയം നോർത്ത് സെന്ററിന്റെ മുക്കട വർഷിപ്പ് സെന്ററിൽ മാർച്ച് 10ന് നടന്ന മാസയോഗത്തിൽ സങ്കീർത്തം വായിച്ചു പ്രബോധിപ്പിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർ വർഗ്ഗീസ് കോശി (സെന്റർ ശുശ്രൂഷകൻ) സമാപന സന്ദേശം നൽകി.

### ഏകദിന ഉപവാസപ്രാർത്ഥന

തേമ്പുഴ: ഐ.പി.സി മുണ്ടക്കയം നോർത്ത് സെന്റർ സഹോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഏക ദിന ഉപവാസ പ്രാർത്ഥന മാർച്ച് 24ന് തേമ്പുഴ ബഥനി സഭയിൽ നടന്നു. സിസ്റ്റർ ഡെയ്സാമ്മ വർഗ്ഗീസ് (സോദരീ സമാജം പ്രസിഡന്റ്) ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ വർഗ്ഗീസ് കോശി സമാപന സമ്മേളനം സന്ദേശം നൽകി. പാസ്റ്റർ സണ്ണി ഡേവിഡ് അധ്യക്ഷത വഹിച്ചു.

## യു.പി.സി സ്റ്റേറ്റ് ഭരവാഹികളെ തിരഞ്ഞെടുത്തു

എറണാകുളം:ഇന്ത്യയിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യ വേദിയായി പ്രവർത്തിച്ചു വരുന്ന യൂണിവേഴ്സൽ പെന്തെക്കോസ്തൽ ചർച്ചസിന്റെ (യു.പി.സി) കേരളാ സ്റ്റേറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. പാലാരിവട്ടം ബഥേൽ എ.ജി. ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ ചെയർമാൻ പാസ്റ്റർ സാംകുട്ടി നിലമ്പൂർ, ജനറൽ സെക്രട്ടറി പാസ്റ്റർ ജോയി മാത്യു, ജനറൽ ട്രഷാർ പാസ്റ്റർ ജോൺസൺ ലോപ്പസ്, എന്നിവരുടെ നേതൃത്തിലാണ് 31 അംഗ കമ്മറ്റിയെ തിരഞ്ഞെടുത്തത്.



യു.പി.സി ഭാരവാഹികൾ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെ സന്ദർശിച്ചപ്പോൾ

### ഏകദിന സുവിശേഷ പ്രവർത്തനം

ഏന്തയാർ ഐപിസി മുണ്ടക്കയം നോർത്ത് സെന്ററിലുള്ള ശുശ്രൂഷകന്മാർ ചേർന്ന് മാർച്ച് 22ന് മിസ്പ സഭയുടെ ആഭിമുഖ്യത്തിൽ ഏന്തയാറും പരിസര പ്രദേശങ്ങളിലും ഭവന സന്ദർശനവും ട്രാക്ട് വിതരണവും നടത്തി.സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗ്ഗീസ് കോശി നേതൃത്വം നലകി.

## ഏകദിന കൺവൻഷൻ

രായ്മംഗലം: പെന്തെക്കോസ്ത് ഫോഷിപ്പിന്റെ നേതൃത്വത്തിൽ ഏകദിന സുവിശേഷയോഗവും സംഗീതവിരുന്നും രായ്മംഗലം ശാരോൻ ചർച്ചിൽ ഏപ്രിൽ 16നു രാവിലെ 10:30മുതൽ 5:30 വരെയും വൈകിട്ട് 6 മുതൽ 9 വരെയും നടത്തപ്പെടുന്നു. പാസ്റ്റർ അനീഷ് കാവാലം പ്രസംഗിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ സജിമോൻ സി.ഡി. 9961048268.

## യുവജന ക്യാമ്പ്

വായിക്കര: ഗ്രെയിസ്മിഷൻ ഇന്ത്യാ യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ യുവജനക്യാമ്പ് ഏപ്രിൽ 23 മുതൽ 25 വരെ വായിക്കര ശാലോം ചർച്ചിൽ നടത്തപ്പെടുന്നു. പാസ്റ്റർ ജോർജ്ജ് വർക്കി (ഗ്രെയ്സ് മിഷൻ ഇൻഡ്യാ പ്രസിഡന്റ്) ഉദ്ഘാടനം നിർവ്വഹിക്കും. സുവിശേഷീകരണത്തിൽ യുവജനങ്ങളുടെ പങ്ക്, ആധുനിക സോഷ്യൽ മീഡിയയുടെ സ്വാധീനം യുവജനങ്ങളിൽ, മിഷൻ ചലഞ്ച് എന്നീ വിഷയത്തെ ആധാരമാക്കി ക്ലാസ്സുകൾ നടത്തപ്പെടുന്നു. സുവി. സുബിത്ത് പി.കെ. (ഗ്രെയ്സ് മിഷൻ ഇൻഡ്യാ ഡയറക്ടർ) ബ്രദർ ലിജിത്ത് ബിജു(ഗ്രെയ്സ് മിഷൻ ഇൻഡ്യാ സെക്രട്ടറി), പാസ്റ്റർ സജി മോൻ സിഡി ( അസിസ്റ്റന്റ് ജനറൽ സെക്രട്ടറി) ക്യാമ്പിന് അധ്യക്ഷത വഹിക്കും.

## വനിതാ ക്യാമ്പ് 2018

ആലുവ:ക്രിസ്ത്യൻ ലേഡീസ്ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ഏപ്രിൽ 8 മുതൽ 10 വരെ ആലുവ സി.ജി.എം.ഹാളിൽ (യു.സി.കോളജിന് സമീപം) വനിത ക്യാമ്പ് നടത്തപ്പെടുന്നു.9:00 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നു.രജിസ്ട്രേഷൻ ഫീസ് 300 രൂപ എല്ലാവർക്കും പങ്കെടുക്കാം കൂടുതൽ വിവരങ്ങൾക്ക്.9895235535, 9562405539, 9400252852.

## യു.പി.സി കോട്ടയം ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു



ഇന്ത്യയിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യ വേദിയായ യൂണിവേഴ്സൽ പെന്തെക്കോസ്തൽ ചർച്ചസിന്റെ (യു.പി.സി) കോട്ടയം ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. രക്ഷാധികാരി പാസ്റ്റർ തോമസ് ചാക്കോ, പ്രസിഡന്റ് പാസ്റ്റർ ബിജു ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ റെജി പി. പോൾ, ട്രഷറാർ പാസ്റ്റർ ഷാജി.എം. വൈസ്പ്രസിഡന്റുമാർ പാസ്റ്റർജോസ് വി. ദാനിയേൽ,പാസ്റ്റർജോസഫ് തോമസ്, പാസ്റ്റർ കെ.കെ. ഏബ്രഹാം, ജോയിന്റ് സെക്രറിമാരായി പാസ്റ്റർ കെ.എം. മർക്കോസ്, പാസ്റ്റർ ഷിജു മാത്യു, പാസ്റ്റർ ബിനു പി. ജേക്കബ്, കോർഡിനേറ്റർമാർ പാസ്റ്റർ റെജി മോൻ, പാസ്റ്റർ കുഞ്ഞുമോൻ പി.വി, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ രതീഷ് എ.എസ്. എക്സിക്യൂട്ടീവ് മെമ്പർമാർ സുവി. പി.ഡി. ബെന്നി,പാസ്റ്റർ ചെല്ലപ്പൻ കെ.എൻ, പാസ്റ്റർ ഡാനിയേൽ വി. ചാക്കോ, പാസ്റ്റർസജി ജോസഫ്, ബ്രദർ റ്റിങ്കു സെബാസ്റ്റ്യൻ, യൂത്ത് ഡയറക്ടർ പാസ്റ്റർ രഞ്ജു തോമസ്.

## കൺവൻ സമാപിച്ചു

മാങ്കുളം: ഐ.പി.സി.എബനേസർ ചർച്ചിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെ മാങ്കുളം ഐ.പി.സി.സഭാഹാളിൽ സുവിശേഷ വിരുന്നും സംഗീത വിരുന്നും നടത്തപ്പെട്ടു.പാസ്റ്റർ ജി.പോൾ രാജ്(സെൻർ പാസ്റ്റർ) കൺവൻഷൻ ഉദ്ഘാടനം നടത്തി. പാസ്റ്റർ.ഷാജു ജോസഫ് രണ്ട് ദിവസങ്ങളായ് ദൈവവചന ശുശ്രൂഷ നൽകി. ഗാനശുശ്രൂഷ പ്രയ്സ് മെലഡീസ് തൃശൂർ.പാസ്റ്റർ.ഡോ.രാജൻ തിരുവല്ല പ്രോഗ്രാം കോഡിനേറ്റ് ചെയ്തു.



പാസ്റ്റർ ജി.പോൾ രാജ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. രാജൻ തിരുവല്ല സമീപം.

# സംയുക്ത ഈസ്റ്റർ ആരാധന



**പാസ്റ്റർ മനോജ് മാത്യു**

ലോണി: ഉത്തർ പ്രദേശ് ലോണിയിൽ എബൻഡന്റ് സഭയുടെ ആഭിമുഖ്യത്തിൽ സംയുക്ത ഈസ്റ്റർ ആരാധന നടന്നു. വിനോദ് നഗർ, അനാർക്കലി,ഇന്ദിരാ പുരി, ലോണി തുടങ്ങിയ സഭകളിൽ നിന്നും വിശ്വാസികൾ പങ്കെടുത്തു റവ. ഇമ്മാനുവേൽ അമർസിംഗ്, ബ്രദർ അനിൽഎന്നിവർ സഹകാരികളായിരുന്നു. എ.എൽ. ടി.സി. ബോയ്സ് ഹോം ബൈബിൾ കോളജ് വിദ്യാർത്ഥികൾ ഗാനശുശ്രൂഷ നടത്തി.

### ഡൽഹി ഇവാഞ്ചലിസം ടീം

രണ്ടായിരത്തി പത്രണ്ടു മുതൽ ഡൽഹിയിലും പരിസര പ്രദേശങ്ങളിലും ഡൽഹി ഇവാഞ്ചലിസം ടീമിന്റെ പ്രവർത്തനങ്ങൾ ശക്തമായി നടക്കുന്നു. ലോക്കൽ സഭകളുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ടീമിന്റെ വിവിധ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കു. ടീമിന്റെ പ്രവർത്തനങ്ങൾ ആവശ്യമുള്ളവർ ബന്ധപ്പെടുക 8448301235.

**ഡൽഹിയുടെ വിവിധഭാഗങ്ങളിലും നോയിഡ, ഫരീദാബാദ്, ഗാസിയാബാദ്, ഗുഡ്ഗാവ് തുടങ്ങിയ സമീപ പ്രദേശങ്ങളിലും പ്രവർത്തിക്കുവാൻ സ്നേഹവചനം റിപ്പോർട്ടർമാരായും ഏരിയാ കോ–ഓർഡിനേറ്റർമാരായും നിയമിക്കുന്നു. താല്പര്യമുള്ളവർ ഡൽഹി ഓഫീസുമായി ബന്ധപ്പെടുക**

**ഫോൺ: 9891838111,9911926337**

| സ്നേഹവചനം നിരക്കുകൾ | | |
|---|---|---|
| | വാർഷിക വരിസംഖ്യ | –200 |
| | ആയുഷ്കാല വരിസംഖ്യ | –2,000 |
| | വിവാഹ പരസ്യം | –500 |
| | രണ്ട് ലക്കം | –800 |
| | വസ്തുവില്പനയ്ക്ക് | –500 |
| | രണ്ട് ലക്കം | –800 |
| | ജന്മദിനാശംസകൾ | –500 |
| | (ഫോട്ടോ സഹിതം)കളർ | –800 |

## പോസ്റ്റ്മാൻ

4–ാം പേജ് തുടർച്ച



5:25–27) അരയുടെ ഏപ്പ് അഴിഞ്ഞു കാൽമുട്ടുകൾ ആടിപ്പോയി രാജാവ് ഉറക്കെ വിളിച്ചു. ചില സന്ദേശങ്ങൾ ഇതുപോലെയുള്ളതായിരിക്കും. സ്നാപകയോഹന്നാന്റെയും നാഥാൻ പ്രവാചകന്റേയും യിരമ്യാപ്രവാചകന്റേയും സന്ദേശങ്ങൾ എല്ലാവർക്കും സുഖകരമായില്ല. ക്രിസ്തുവിന്റെ സന്ദേശങ്ങൾ ആ കാല ഘട്ടത്തിൽ എല്ലാവർക്കും ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. ശരിയായ സന്ദേശവാഹകൻ മാനസാന്തരത്തിന്റെ ദൂത് നൽകും വക്കീൽ നോട്ടീസ് ജപ്തിനോട്ടീസ് ഇത് കൊണ്ടുവരുന്ന പോസ്റ്റ്മാൻ ആരെങ്കിലും കൈമണി കൊടുക്കുമോ? നിർമ്മല വചനം പറഞ്ഞാൽ വലിയ സ്തോത്ര കാഴ്ച്ച ലഭിക്കില്ല. എന്നാലും നിരാശപ്പെടരുത്. ദൈവം കരുതിക്കൊള്ളും.

5. എല്ലാദിവസവും മെയിൽ വന്നു കഴിയുമ്പോൾ തരംതിരിക്കും. അതത് വ്യക്തികളുടെ കത്ത് അതാത് വിടുകളിലോ സ്ഥാപനങ്ങളിലോ എത്തിക്കും. കത്ത് മാറിപ്പോകരുത്. ഓരോ വ്യക്തികൾക്കും സഭകൾക്കും അതാത് ദേശത്തിനുമുള്ള സന്ദേശം ദൈവത്തിൽ നിന്ന് പ്രാപിക്കേണം. ലഭിച്ച സന്ദേശം അതുപോലെ കൈമാറുക. വെളിപ്പാട് പുസ്തകത്തിൽ ഏഴ് സഭകൾക്കും വ്യത്യസ്തമായ ദൂതാണ് നൽകിയത്.

സന്ദർഭോചിതമായി ഓരോരുത്തരുടേയും സാഹചര്യമനുസരിച്ച് പരിശുദ്ധാത്മാവ് നൽകുന്നത് മാത്രമേ പറയാവൂ. ഓരോ വ്യത്യസ്ത പക്ഷികൾക്കും മൃഗങ്ങൾക്കും വ്യത്യസ്ത ആഹാരമാണല്ലോ. ഇതുപോലെ ജീവൻ കൊടുക്കുന്ന പുതിയ മന്ന ഓരോ ദിവസവും പ്രാപിച്ചിട്ട് ഓരോരുത്തർക്ക് ഉള്ളത് ആത്മാവിൽ വിളിച്ച് പറയുക. പരിശുദ്ധാത്മാവിന് തെറ്റ് പറ്റുകയില്ല. അഡ്രസ്സ് കൃത്യമായി നൽകിയിട്ടില്ലെങ്കിൽ സന്ദേശം അയക്കേണ്ട വ്യക്തിയുമായി ബന്ധങ്ങളില്ലെങ്കിൽ നിങ്ങൾക്ക് ഒരു കത്തും വരികയില്ല. അതിന് പോസ്റ്റ്മാൻ എന്തുവേണം? ദൈവവുമായി ഒരു അഭേദ്യ ബന്ധമുണ്ടങ്കിലേ ദൈവം തന്റെ സന്ദേശം അയക്കുകയുള്ളൂ. ദൈവീക സംസർഗ്ഗം ഇല്ലാതെ ദൈവം എങ്ങനെ അലോചന അറിയിക്കും? ദൈവത്തിങ്കലേക്കു കാത് കൂർപ്പിക്കുന്നവർക്കുവേണ്ടി സർവ്വശക്തൻ തന്റെ ദൂത് വാഹികളെ അയക്കും. ഇല്ലെങ്കിൽ പിന്നെ അവസാനം ബേൽശസ്സറിനു അയച്ചതു പോലെ ഒറ്റചുവരെഴുത്തായിരിക്കും എന്നുമാത്രം.

6. ഒരു പോസ്റ്റോഫിസിന്റെ കീഴിലുള്ള സകലർക്കും കത്ത് പോസ്റ്റ്മാൻ നൽകും. വലിയവരെന്നോ, ചെറിയവരെന്നോ, സമ്പന്നരെന്നോ, ദരിദ്രരെന്നോ, ഉയർന്നവനെന്നോ, താണവനെന്നോ, വിദ്യാസമ്പന്നനോ, വിദ്യവിഹിതനോ ആരുമാകട്ടെ പോസ്റ്റ്മാന് വിഷയമല്ല. കത്ത് ഉണ്ടെങ്കിൽ ആരുടേയും വീട്ടിലും ധൈര്യത്തോടെ കയറിചെല്ലാം. അങ്ങനെയെങ്കിൽ സുവിശേഷത്തിന്റെ ശബ്ദമായി നിലകൊള്ളുന്ന നമുക്ക് വ്യത്യസമില്ല. ആഹാബിന്റെ കൊട്ടാരത്തിൽ ചെന്ന് ദൂത് പറയാൻ ഏലിയാവിന് മടിയില്ല. ദാവിദിന്റെ കൊട്ടാരത്തിൽ ചെന്ന് കാര്യം പറയാൻ നാഥാൻ പ്രവാചകന് മടിയില്ല. നെബുഖദ്നേസ്സർ രാജാവിന്റെ മുഖത്ത് നോക്കി നിന്നെ കാളയെപ്പോലെ പുല്ല് തീറ്റിക്കും എന്നു പറയാൻ ദാനിയേലിന് മടിയില്ല. സ്വർഗ്ഗം ഒരു ആലോചന തന്നിട്ടുണ്ടെങ്കിൽ അത് കൈമാറുവാൻ എന്തിന് ശങ്കിക്കേണം. കാരാഗൃഹ പ്രമാണിയുടെ ഭവനത്തിലും കൊർന്നല്ല്യോസിന്റെ ഭവനത്തിലും, അഗ്രിപ്പാ രാജാവിന്റെ കൊട്ടാരത്തിലും ദൈവം തന്ന ആലോചന പറയുവാൻ അപ്പോസ്തോലന്മാർക്ക് മടിയില്ലായിരുന്നു.

7. പോസ്റ്റ്മാൻ ജീവിതനിലവാരം പഠിച്ച് നോക്കുക, സൈക്കിളിൽ, അല്ലെങ്കിൽ നടന്ന്, ഇപ്പോഴൊക്കെ ചിലർ ടൂവിലറിൽ പോകാറുണ്ട്. ഫോർച്യൂണറിലും, ഇന്നോവയിലും ഒന്നും പോസ്റ്റ്മാൻമാർ കത്തും കൊണ്ട് യാത്ര ചെയ്യാറില്ല. വെയിലും മഴയും മഞ്ഞും കൊണ്ട് കുന്നും മലയും കയറി ഓരോ വീടുകളിലും ചെന്ന് കത്ത് കൊടുക്കും. തുടക്ക സമയങ്ങളിലൊന്നും വലിയ വരുമാനം ഉണ്ടാവില്ല. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യ ഗവൺമെന്റിന്റെ ജീവനക്കാരനാണെന്നുള്ള ഒരു അഭിമാനം ഉണ്ട്. സുവിശേഷത്തിന്റെ സന്ദേശവാഹകരേ പഴിയും ദൂഷിയും നിന്ദയും അപമാനവും ഒക്കെ സഹിക്കേണ്ടി വന്നേക്കാം. കഷ്ടതകളും വെല്ലുവിളികളു കണ്ണുനീർതാഴ്വരകളും ഉണ്ടാവാം. എങ്കിലും പതറിപ്പോകരുത്. നാം സ്വർഗ്ഗീയ ഗവൺമെന്റിന്റെ ജീവനക്കാരാണെന്നുള്ള ചിന്ത നമ്മെ ഭരിക്കണം.

## വെള്ളത്തിനു റേഷൻ ഏർപ്പെടുത്തി നഗരസഭ

**ജല വിതരണം പൂർണ്ണമായും നിർത്തി വയ്ക്കേണ്ടിവരുമെന്ന ആശങ്കയിലാണ് അധികൃതർ...**

കേപ്ടൗൺ:കടുത്ത വരൾച്ചയെ തുടർന്ന് വെള്ളത്തിനു റേഷൻ ഏർപ്പെടുത്തി ദക്ഷിണ ആഫ്രിക്കയിലെ കേപ്ടൗൺ നഗര സഭാഅധികൃതർ. ഒരാൾക്ക് പ്രതിദിനം അമ്പതു ലിറ്റർ ജലം മാത്രമേ നഗരസഭ നൽകുകയുള്ളൂ. ജല നിരപ്പ് ഇനിയും താഴുന്ന പക്ഷം ഏപ്രിൽ 16 ആകുമ്പോഴേക്കും ജല വിതരണം പൂർണ്ണമായും നിർത്തിവയ്ക്കേണ്ടി വരുമെന്ന ആശങ്കയിലാണ് അധികൃതർ. ആഗോള തലത്തിൽതന്നെ ഭൂമിയിൽ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞു വരുന്നതായും ഭൗമ ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഇനിയുള്ള സമരവും പോരാട്ടങ്ങളും യുദ്ധവും കുടിവെള്ളത്തിനു വേണ്ടിയുള്ളതായിരിക്കുമെന്ന ചില ശാസ്ത്രജ്ഞന്മാരുടെ വാക്കുകൾക്ക് പ്രസക്തി വർദ്ധിപ്പിക്കുന്നതാണ് ആധുനി ലോകം നേരിടുന്ന ജലക്ഷാമം.

# വിവാഹം

പെന്തെക്കോസ്തു RC യുവതി 25/160. BSc നേഴ്സ്(ആഭരണം ഉപയോഗിക്കും) ബോംബെയിൽ ജോലി അനുയോജ്യരായ യുവാക്കളുടെ മാതാ പിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
ഫോൺ.9605017196, 9526268826.

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി (25/162സെ.മി, വെളുത്തനിറം)Msc.maths,തത്തുല്യ യോഗ്യതയും ജോലിയും നല്ല ആത്മീയ നിലവാരമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചന ക്ഷണിച്ചു കൊള്ളുന്നു.
ഫോൺ 9497587959

# നിര്യാതനായി



കട്ടപ്പന: അടിമാലി ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ശുശ്രൂഷകൻ വാഴവര താന്നിവിളയിൽ പാസ്റ്റർ സാജൻ കോശി (48) മാർച്ച് 26ന് നിര്യാതനായി. സംസ്കാരം 28ന് കട്ടപ്പന ശാരോൻ ഫെലോഷിപ്പ ചർച്ച് മുളകരമേട് സെമിത്തേരിയിൽ പാസ്റ്റർ പി.വി. സജി(ഇടുക്കി സെന്റർ പാസ്റ്റർ) നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ എ.വി. ക്രിസ്റ്റഫർ(മുരിക്കാശേരി സെന്റർ സെക്ഷൻ പാസ്റ്റർ) പാസ്റ്റർ ജോജി ജോർജ്ജ്(ഹൈറേഞ്ച് സെക്ഷൻ പാസ്റ്റർ) എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ പി.എൻ ജോസഫ് ആലുവ ദൈവവചനം ശുശ്രൂഷിച്ചു. ഭവനത്തിലെ പ്രധാന ശുശ്രൂഷകൾ പാസ്റ്റർ കെ.റ്റി. തോമസ് (ശാരോൻ മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി) നിർഹിച്ചു.നിരവധി ദൈവദാസന്മാരും മറ്റ് സാമൂഹിക പ്രവർത്തകരും അനുശോചനം അറിയിച്ചു. ഭാര്യ. ജിജി സാജൻ. മക്കൾ: ബ്ലസൻ, ഗോഡ്സൺ, ഗോഡ്സി.



മുക്കാലി:ചക്കാമ്പുഴ പരേതനായ ജോയി.ഏ.സി. യുടെ ഭാര്യ ലീലാമ്മ.കെ.എം.(56) മാർച്ച് 9 ന് നിര്യാതയായി ശവസംസ്ക്കാരം 10 ന് ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ.(കേരള റീജിയൻ) ഇലക്കൊടിഞ്ഞി സഭാസെമിത്തെരിയിൽ പാസ്റ്റർ.കെ.സി. സണ്ണിക്കുട്ടി (ഓവർസീയർ) നടത്തി.മക്കൾ: റിഞ്ചു ഹന്ന ജോയി,റോൺ സാം ജോയി.



മുക്കാലി:ചക്കാമ്പുഴ പരേതനായ സി.കുഞ്ഞൂഞ്ഞിന്റെ ഭാര്യ തങ്കമ്മ(80) മാർച്ച് 21 ന് നിര്യതയായി സംസ്ക്കാരം 24 ന് ചർച്ച് ഓഫ് ഗോഡ് കാപ്പുകാട് സഭാസെമിത്തിയിൽ പാസ്റ്റർ. ലാലു (സെൻ പാസ്റ്റർ)നടത്തി. മക്കൾ:പരേതയായ ലീലാമ്മ,വത്സമ്മ,ജെബിനി ബിനോയ്.മരുമക്കൾ:ബ്ലസ്സി, പരേതനായ ജോയി.എ.പി, വത്സൻ, സാബു.റ്റി.കെ, ജേക്കബ് ദാനിയേൽ, അനിത.

## ബൈക്കപകടത്തിൽ പാസ്റ്റർ മരിച്ചു



മീനടം: ചക്കാലക്കുഴിയിൽ പാസറ്റർ സി.എം വർഗ്ഗീസ്(കുഞ്ഞച്ചൻ 78) ബൈക്കപകടത്തിൽ പാസ്റ്റർ മരിച്ചു. 22ന് വൈകിട്ട് 7 മണിയോടെ തോട്ടയ്ക്കാട്ടു റൂട്ടിൽ മൂന്നാം മൈലിനു സമീപമായിരുന്നു അപകടം. പ്രാർത്ഥനയ്ക്കുവേണ്ടി ഈ ഭാഗത്തുള്ള വീട്ടിലേക്ക് പേകവെ ഓട്ടോറിക്ഷയിൽ നിന്ന് ഇറങ്ങി നടക്കുന്നതിനിടെ ബൈക്കിടിച്ച് തെറിച്ചു വീണ വർഗ്ഗീസിനെ ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽ കോളെജിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. സംസ്കാരം കോത്തല നടുത്തൊട്ടിയിൽ അന്നമ്മയാണ് ഭാര്യ. മക്കൾ: ലില്ലിക്കുട്ടി, ജീമോൾ(രാജസ്ഥാൻ), ലൈസാമ, മാണി, മോളമ്മ(കർണ്ണാടക), മനോജ്. മരുമക്കൾ: കുഞ്ഞ് മൈലക്കാട്ട് തലപ്പാടി, റെജി മുണ്ടക്കയം, കൊച്ചുമോൻ കിഴക്കേ മുറിമഞ്ഞാടി, കൊച്ചുമോൾ, ജിജി(കർണ്ണാടക) രജനി.



പാസ്റ്റർ വി.റ്റി.ഏബ്രഹാമിന്റെ(എ.ജി.സൗത്ത് ഇന്ത്യാ സൂപ്രണ്ട്) മകൾ ബയൂല(36) റിയാദിൽ അന്തരിച്ചു.

### അറിയിപ്പ്

സ്നേഹവചനം പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും സ്ഥിരം പംക്തികളിലെ ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകന്മാർക്കു മാത്രമായിരിക്കും.

പ്രസിദ്ധീകരിച്ചിരിക്കുന്ന പരസ്യ ദാതാക്കളുമായി ബന്ധപെട്ടു ഉറപ്പു വരുത്തിയതിനുശേഷം മാത്രം ഇടപാടുകൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.

**സ്നേഹവചനം പത്രത്തിന്റെ പ്രവർത്തനങ്ങളിൽ താങ്കൾക്കും പങ്കാളിയാകാം.**

**സ്നേഹവചനം പത്രം അനേകർക്ക് അനുഗ്രഹമാണെന്നറിയുന്നതിൽ സന്തോഷം ഉണ്ട്. എന്നാൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഈ പത്രത്തിന് സ്പോൺസേഴ്സോ സ്ഥിരമായ ഒരു സാമ്പത്തിക വരിമാനമോ ഇല്ല. വാർഷിക വരിസംഖ്യ, പരസ്യങ്ങൾ തുടങ്ങിയവ മാത്രമാണ് പത്രത്തിന്റെ സാമ്പത്തിക ശ്രോതസ്. ഈ പത്രം താങ്ങൾക്ക് അനുഗ്രഹമാണെങ്കിൽ ഈ പ്രവർത്തനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളിൽ സഹകരിക്കേണമേ എന്ന് ഓർപ്പിക്കുന്നു. കൃത്യമായി വാർഷിക വരിസംഖ്യ നൽകിയും പരസ്യങ്ങൾ നൽകിയും, സംഭാവനകൾ നൽകിയും, ഒരു ലക്കം സ്പോൺസർ ചെയ്യുന്നതിലൂടെയും താങ്കൾക്ക് ഈ പ്രവർത്തനത്തൽ പങ്കാളിയാകാൻ സാധിക്കും.**

**ആയതിനാൽ താങ്കളുടെ ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ആവശ്യപ്പെടുന്നു. – പത്രാധിപർ**

### വരിസംഖ്യ അടയ്ക്കുവാൻ

**ബാങ്ക് അക്കൗണ്ട് :**
Sunny M.Jacob
SBI Vannapuram(branch)
A/c-67055532401
IFC-SBIN 0070618

**M.O.** അയക്കുന്നവർ:

Snehavachanam
Pulickalkavala.P.O
Kottayam-686515
9656571354, 9847866473

വാർഷിക വരിസംഖ്യ –200
ആയുഷ്കാല വരിസംഖ്യ–2,000

**വിവാഹ പരസ്യങ്ങൾ ഫോൺ വഴിയായും അറിയിക്കാം**

**500 രൂപ മാത്രം**

offering voice to the voiceless
SNEHA VACHANAM
newspaper monthly

Sneha vachanam
Pulickalkavala.P.O.,Kottayam,
Kerala.Pin.686515.
Phone: 9656571354,9847866473

"REGISTERED"
Published on 1st April 2018
RNI.Reg.No.KERMAL 2013/49036
POSTEL REG.NO:KL/CHC/069/2016-18

snehavachanamnews@gmail.com/ Vol.6. Issue. 04. Anuel Subscription. 200/. Page .6



















## അഭ്യർത്ഥന

**പ്രാർത്ഥിക്കുക സഹായിക്കുക**

കർത്താവിൽ പ്രിയരേ,

കോട്ടയം ജില്ലയിൽ വാഴൂരിൽ, സാധാരണക്കാരായ വിശ്വാസികൾ മാത്രം അംഗങ്ങളായുള്ള (IPC) സഭാഹാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിശ്വാസത്താൽ ആരംഭിച്ചിരിക്കുന്നു. ചെറിയ ഒരു പ്രവർത്തമായി ആരംഭിക്കുകയും പല ഭനവനങ്ങളിലായി മാറിമാറി ആരാധിച്ചും പോന്നു. എന്നാൽ സ്വന്തമായൊരു ആരാധനാലയം എന്നത് അത്യാവശ്യമായിരിക്കന്ന സാഹചര്യത്തിലാണ്. അതു കൊണ്ടു തന്നെ ദൈവദാസനുമൊത്ത് പ്രാർത്ഥിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഇതുവരെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക കൈത്താങ്ങൽ നൽകുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു. അതിന്റെ പൂർത്തീകരണത്തിനായി സാമ്പത്തികമായോ സാധനസാമഗ്രികൾ നൽകിയോ സഹായിക്കുവാൻ താല്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.

സഭയ്ക്കുവേണ്ടി
ബ്രദർ വിജയൻ പി.എൻ. (ട്രഷറാർ)

അക്കൗണ്ട് നമ്പർ
ബ്രദർ വിജയൻ പി.എൻ
3500101003920,
Br,Canara bank Pulickalkkavala
Ifsc Cod.cnrb0003500

Phone 9947661822

Printed, Published and Owned by Surendra kumar,Pallithadathil,Punchavayal.P.O,Mundakayam, Printed at Mangalam Press, S.H.Mount.P.O,Kottayam for Aswathy Press Pampady, Kottayam, Editor,Surendra kumar,Publishing from Pulickalkavala.P.O, Kottayam,Kerala- 686 515